മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 35 THE ONLINE OFFICIAL NEWS BULLETIN 2026 August 27

SEASON OF TRANSFIGURATION **തേജസ്കരണകാലം** **ܒܗܝܐ ܕܫܘܚܐ**

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬ ܒܫܒܐ TUESDAY	ܐܪܒܥ ܒܫܒܐ WEDNESDAY	ܚܡܫ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
30 ൫ 3rd Sunday after Shunoyo Mar Gabrieal Episcopa ✠ (Kottayam Cheriya Palli)	31 ൧ 45th Mem. of Parettu Mathews Mar Ivanios ✠ (Pampady Dayara)	1 ൫	2 ൧ 151st Mem. of Yuyakin Mar Koorilose Metropolitan ✠ (Marthoman Palli, Mulanthuruthi)	3 ൫	4 ൧ Comme. Of St. Dioascoros of Alexandria	5 ൫

മലങ്കര അസോസിയേഷൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് നാലു പേരെ തിരഞ്ഞെടുത്തു

മുളന്തുരുത്തി: വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം മേൽപ്പട്ടസ്ഥാനത്തേയ്ക്കു നാലു പേരെ തിരഞ്ഞെടുത്തു.

എറണാകുളം കീഴില്ലം ഉദയഗിരി മാർ ഗ്രിഗോറിയോസ് പള്ളി വികാരി തോമസ് പോൾ റമ്പാൻ, പരുമല സെമിനാരി മാനേജർ ഫാ. എ. എ. എൽദോസ്, കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ ഫാ. സാംജി ടി. ജോർജ്, ഫിലഡൽഫിയ ബെൻസാലേം സെന്റ് ഗ്രിഗോറിയോസ് ഓർത്ത ഡോക്സ് പള്ളി വികാരി ഫാ. ഷിബു വേണാട് മത്തായി എന്നിവരാണ് തിര ഞ്ഞെടുക്കപ്പെട്ടത്.

മലങ്കര മെത്രാപ്പോലീത്താ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ നോട്ടീസ് കൽപ്പന വായിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ അനുശോചന പ്രമേയങ്ങൾ അവതരിപ്പിച്ചു. എംഎൽഎമാരായ ചാണ്ടി ഉമ്മൻ, റെജി ചെറിയാൻ, അബിൻ വർക്കി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

മുഖ്യവരണാധികാരിയായി കെ. റ്റി. ചാക്കോ ഐ.എ.എസ്., ഡെപ്യൂട്ടി റിട്ടേണിംഗ് ഓഫീസറായി അലക്സിൻ ജോർജ് ഐ.പി.ഒ.എസ്. എന്നിവർ പ്രവർത്തിച്ചു.

മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവർ

ഫാ. തോമസ് പോൾ റമ്പാൻ

ഫാ. എൽദോസ് എ. എ.

ഫാ. സാംജി റ്റി. ജോർജ്

ഫാ. ഷിബു വേണാട് മത്തായി

മുളംതുരുത്തി വെട്ടിക്കൽ ദയറായിൽ സമ്മേളിച്ച മലങ്കര നസ്രാണി പള്ളിയോഗത്തിന്റെ ആചാരപരമായ ഘോഷയാത്ര ദയറാ പള്ളിയിൽ നിന്ന് സമ്മേളന വേദിയിലേക്ക് പുറപ്പെടുന്നു. പരമ്പരാഗത അംശവസ്ത്രങ്ങൾ ധരിച്ച മലങ്കര മെത്രാപ്പോലീത്താ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെയും അഭിവന്ദ്യ പിതാക്കന്മാരെയും മലങ്കര നസ്രാണി സമൂഹം ആചാരപരമായി സ്വീകരിച്ച് പ്രധാന വേദിയായ മാർ ഗ്രീഗോറിയോസ് നഗറിലേക്ക് ആനയിക്കുന്നു.

മലങ്കര അസോസിയേഷൻ യോഗത്തിന്റെ വിവിധ ദൃശ്യങ്ങൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മലങ്കര അസോസിയേഷൻ 1653 മുതൽ 2026 വരെ

ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ

ആദിമസഭയുടെ ശക്തിയായിരുന്നു യോഗം. *ജനമെല്ലാം ഏകമനസോടെ* ഒന്നിച്ചുകൂടി സഭാകാര്യങ്ങൾ തീരുമാനിച്ചിരുന്നു. പ്രാദേശിക സഭകൾ ഭരണ ശ്രേണിയിലെ ഘടകങ്ങളാകുകയും എപ്പിസ്കോപ്പസി ശക്തിയാർജിക്കുകയും ചെയ്തതോടെ ആഗോളസഭയിൽ യോഗങ്ങൾ അപ്രസക്തങ്ങളായി.

എന്നാൽ മദ്ധ്യ പൗരസ്ത്യ ദേശവും യൂറോപ്പും കേന്ദ്രമാക്കി വളർന്ന ക്രൈസ്തവ സഭാ ഭരണരീതി അവരുമായി നേരിട്ടു ബന്ധപ്പെടാതിരുന്ന കേരള ക്രൈസ്തവർക്ക് അപരിചിതമായിരുന്നു. ആദിമസഭയുടെ തനിമയിൽ ഇടവക പള്ളികളും, മലങ്കരസഭ മുഴുവനും പള്ളി യോഗങ്ങളാലും *മലങ്കര പള്ളിയോഗത്താ*ലും ഭരിക്കപ്പെട്ടു. *ജാതിക്കു തലവനായ* അർക്കദിയാക്കോൻ (Archdeacon of All India) ആയിരുന്നു മലങ്കര പള്ളിയോഗത്തിന്റെ തലവൻ. *സുന്നഹദോസ്* എന്ന പേരിലാണ് 16 മുതൽ 19 വരെയുള്ള നൂറാണ്ടുകളിലെ മലങ്കര പള്ളിയോഗങ്ങൾ അറിയപ്പെടുന്നത്. പട്ടക്കാരും ജനങ്ങളും ഉൾപ്പെട്ടതായിരുന്നു *മലങ്കര പള്ളിയോഗം*.

മലങ്കരപള്ളിയോഗത്തിന്റെ പ്രാമാണ്യത്തിന്റെ ഏറ്റവും വലിയ തെളിവ് ഉദയംപേരൂർ സുന്നഹദോസ് തന്നെയാണ്. മലങ്കര നസ്രാണികളെ റോമാ പാപ്പായുടെ കീഴിലാക്കാൻ *സർവ്വശക്തനായ* ആർച്ച്ബിഷപ്പ് മെനസിസിന് റോമൻ സഭയുടെ കാനോനകൾക്ക് വിരുദ്ധമായി ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടി വന്നു. കാരണം, *മലങ്കര പള്ളിയോഗ*ത്തിന്റെ സമ്മതം കൂടാതെയാതൊരു തീരുമാനവും ഈ സഭയ്ക്ക് ബാധകമല്ലായിരുന്നു. ഉദയംപേരൂരിനു ശേഷം *മലങ്കര പള്ളിയോഗ*ത്തെ ഇല്ലാതാക്കുവാൻ റോമൻ സഭാധികാരികൾ ബോധപൂർവമായ ശ്രമം നടത്തിയെങ്കിലും അതു വിജയിച്ചില്ല. ജാതിക്കുതലവനായ പകലോമറ്റം തോമ്മാ അർക്കദിയക്കോന്റെ സ്വാതന്ത്ര്യസമരത്തിനു പിന്നിലെ ശക്തി ഒറ്റക്കെട്ടായി നിന്ന മലങ്കര പള്ളി യോഗമായിരുന്നു. 1599 നും 1653 നും ഇടയിൽ *മലങ്കരപള്ളി യോഗം* സമ്മേളിച്ചപ്പോഴൊക്കെ ഈ ഐക്യ ദാർഢ്യം പ്രകടമായിരുന്നു.

കീഴ്വഴക്കങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള മലങ്കര പള്ളിയോഗത്തിന് നിയതമായ ഒരു നിയമാവലി ഉണ്ടാക്കാനുള്ള ശ്രമം 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് ആരംഭിച്ചുവെങ്കിലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിലാണ് ആ ശ്രമം വിജയിച്ചത്. 1934-ൽ മലങ്കരസഭാ ഭരണഘടന പാസ്സാക്കിയതോടുകൂടി *മലങ്കരപള്ളിയോഗ*ത്തിനു വ്യക്തമായ ഒരു നിയമാവലി ഉണ്ടായി. പക്ഷേ ഈ പ്രക്രിയകൾക്കിടയിൽ അതിന്റെ അധികാരങ്ങളിൽ നല്ല പങ്കും ചോർന്നുപോയി. എന്നാൽ ഇന്നും മലങ്കരസഭയുടെ അത്യുന്നത നിയമ നിർമ്മാണകേന്ദ്രം *മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* എന്ന *മലങ്കര പള്ളിയോഗം* തന്നെയാണ്.

1653 മുതൽ 2006 വരെ നടന്ന സുപ്രധാന *മലങ്കര പള്ളിയോഗ*ങ്ങളുടെ ഒരു ലഘുവിവരണമാണ് താഴെ. 1876 ന് മുമ്പുള്ള പല യോഗങ്ങളും വിട്ടുപോയിരിക്കാൻ സാധ്യതയുണ്ട് (സ്ഥലം, അദ്ധ്യക്ഷൻ, തീയതി, തീരുമാനം എന്ന ക്രമത്തിൽ):

1. മട്ടാഞ്ചേരി- 1653 ജനുവരി 3- പകലോമറ്റം തോമ്മാ അർക്കദിയക്കോൻ - റോമൻ കത്തോലിക്കാ സഭയുമായി ബന്ധം വിഛേദിച്ച് കൂനൻകുരിശു സത്യം ചെയ്തു.

2. ഇടപ്പള്ളി - 1653 ഫെബ്രുവരി 5 - പകലോമറ്റം തോമ്മാ അർക്കദിയക്കോൻ - *ജാതിക്കുകർത്തവ്യൻ* തോമ്മാ അർക്കദിയാക്കോനെ *വേദതലവനായി* തെരഞ്ഞെടുത്തു.

3. ആലങ്ങാട് - 1653 ജൂൺ 1 - പകലോമറ്റം തോമ്മാ അർക്കദിയക്കോൻ - തോമ്മാ അർക്കദിയക്കോനെ, മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിച്ചു. നാലു പട്ടക്കാരെ അദ്ദേഹത്തിന്റെ ആലോചനക്കാരായി നിയമിച്ചു. മൂന്നു വർഷം കൂടുമ്പോൾ യോഗം കൂടി ആലോചനക്കാരെ മാറ്റി നിയമിക്കണമെന്നും തീരുമാനിച്ചു.

4. ചെങ്ങന്നൂർ - 1686 - പാശ്ചാത്യ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് ഹദിയള്ള - അടിസ്ഥാന അലക്സന്ത്ര്യൻ വേദശാസ്ത്ര പ്രമാണങ്ങളിൽ അഞ്ചെണ്ണം (സഭ, സ്വർഗ്ഗം, പ. റൂഹാ, നോമ്പ്, വി. കുർബാന) മലങ്കര സഭ അംഗീകരിച്ചു. ബാക്കി കാര്യങ്ങളിൽ *കീഴ്നടപ്പ്* തുടരാനും തീരുമാനിച്ചു.

5. കണ്ടനാട് - 1774 ജൂൺ (949 മിഥുനം) വലിയ മാർ ദീവന്നാസിയോസ് (ആറാം മാർത്തോമ്മാ) - അനധികൃതമായി മെത്രാൻ പട്ടമേറ്റ് കൊച്ചി രാജ്യത്ത് അധികാരം നടത്തിയ കാട്ടുമങ്ങാട്ട് മാർ കൂറിലോസിനെ *വടിയും മുടിയും വയ്പ്പിച്ച്* സ്ഥാനഭ്രഷ്ടനാക്കി.

6. നിരണം - 1780 നവംബർ (956 തുലാം 21) - വലിയ മാർ ദീവന്നാസിയോസ് - തിരുവിതാംകൂർ സർക്കാരിൽ അടിയറ തീർക്കാൻ 40,000 പണം പള്ളിക്കാർക്ക് വരിയിട്ടു. പസാരം നൂറു പണമിടയ്ക്ക് നാലും ആറുമായി ഒരു രാശി (ഈ അനുപാതം വരനും വധുവിനുമാകണം) ആയി നിശ്ചയിച്ചു.

7. മാവേലിക്കര - 1789 (കൊല്ലവർഷം 964)- വലിയ മാർ ദീവന്നാസിയോസ് - വി. യാക്കോബിന്റെ കുർബാന തക്സാ ഉൾപ്പെടെ പാശ്ചാത്യ സുറിയാനിക്രമങ്ങൾ മലങ്കരസഭ സ്വീകരിച്ചു. വിവാഹവും മാമോദീസായും കീഴ്വഴക്കമനുസരിച്ച് തുടരാനനുവദിച്ചു.

8. നിരണം - 1807 ഡിസംബർ (983 ധനു 5) - വലിയ മാർ ദീവന്നാസിയോസ് - അന്ത്യോഖ്യൻ മെത്രാൻ മാർ ദീയസ്കോറോസിന്റെ ഭരണാവകാശവാദം നിരാകരിച്ചു.

9. കണ്ടനാട് - 1809 ആഗസ്റ്റ് 13 (985 ചിങ്ങം 1)- മാർത്തോമ്മാ എട്ടാമൻ- സുപ്രധാനമായ ഈ യോഗത്തിൽ വച്ച് മാർത്തോമ്മാ എട്ടാമനെ മോതിരമിടുവിച്ച് മലങ്കര മെത്രാനായി അംഗീകരിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാനേയും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ കാര്യവിചാരകരായി നിയമിച്ചു. *കണ്ടനാട് പടിയോല* എന്ന പ്രസിദ്ധമായ പ്രഖ്യാപനത്തിലൂടെ മലങ്കരസഭയുടെ ആത്മീയവും ലൗകീകവുമായ വിവിധ

വിഷയങ്ങളെപ്പറ്റി പതിനൊന്ന് ഭാഗമുള്ള നിയമാവലി പാസ്സാക്കി. മറ്റു ക്രമങ്ങൾ പൂർണ്ണമായി ഉപേക്ഷിച്ച് മലങ്കരസഭ പാശ്ചാത്യ സുറിയാനിക്രമങ്ങളെ സ്വീകരിച്ച് ആരാധനാക്രമങ്ങൾ ഏകീകരിക്കുന്നതും അതിനായി രണ്ട് *പഠിത്ത വീടുകൾ* സ്ഥാപിക്കുന്നതുമാണ് ഇവയിൽ മുഖ്യം.

10. കോട്ടയം (?) –1816 ജനുവരി – (991 മകരം) – കിടങ്ങൻ മാർ പീലക്സീനോസ് – പകലോമറ്റം പാരമ്പര്യ വാഴ്ച അവസാനിപ്പിക്കുകയും പകരം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുകയും ചെയ്തു.

11. കോട്ടയം ചെറിയപള്ളി – 1817 ജനുവരി (992 മകരം 10)– കിടങ്ങൻ മാർ പീലക്സീനോസ് – പുന്നത്ര കുര്യൻ കത്തനാരെ വികാരി ജനറലായി നിയമിച്ചു.

12. മാവേലിക്കര – 1818 ഡിസംബർ 3 – പുന്നത്ര മാർ ദീവന്നാസിയോസ് – ഇംഗ്ലീഷ് മിഷണറിമാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള പരിഷ്ക്കാരങ്ങൾ മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വരുത്തണമോ എന്ന് പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചു.

13. കോട്ടയം ചെറിയപള്ളി – 1825 ജൂൺ 27 (1000 മിഥുനം 15) – കിടങ്ങൻ മാർ പീലക്സീനോസ് – ചേപ്പാട് ആഞ്ഞിലിമൂട്ടിൽ ഫിലിപ്പോസ് മല്പാനെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

14. കോട്ടയം ചെറിയപള്ളി – 1825 ഡിസംബർ (1001 ധനു 13–16) – ചേപ്പാട് മാർ ദീവന്നാസിയോസ് – അന്ത്യോഖ്യായിൽ നിന്നും വന്ന് *മലങ്കര മെത്രാൻ* സ്ഥാനം അവകാശപ്പെട്ട മാർ അത്താനാസിയോസ് എന്ന മെത്രാനെ മാർ പീലക്സീനോസിന്റെയും മാർ ദീവന്നാസിയോസ് നാലാമന്റെയും സഹായിയായി മാത്രം അംഗീകരിച്ചു.

15. മാവേലിക്കര – 1836 ജനുവരി 16 (1011 മകരം 5) – ചേപ്പാട് മാർ ദീവന്നാസിയോസ് – പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ നവീകരണ നിർദ്ദേശങ്ങൾ പാടെ തിരസ്ക്കരിച്ച് *മാവേലിക്കര പടിയോല* എഴുതി.

16. കണ്ടനാട് – 1843 ആഗസ്റ്റ് 15 (1019 ചിങ്ങം 3) – ചേപ്പാട് മാർ ദീവന്നാസിയോസ് – പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസിന്റെ സ്താത്തിക്കോൻ അംഗീകരിക്കാൻ വിസമ്മതിച്ചു.

17. കോട്ടയം പഴയസെമിനാരി – 1853 ഫെബ്രുവരി 14 (1028 കുംഭം 2) – പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസ് – ഇടവഴീക്കൽ ഫീലിപ്പോസ് കത്തനാർ മുതൽ പേർ മുൻകയ്യെടുത്തു തയ്യാറാക്കിയ മലങ്കരസഭയുടെ വിശ്വാസ, ആചാര, ഭരണസംബന്ധമായി 101 ഭാഗങ്ങളുള്ള ഒരു *ചട്ടവ ര്യോല* പാസ്സാക്കി. മലങ്കരസഭയുടെ ആദ്യ സമ്പൂർണ ലിഖിത ഭരണഘടനയാണ് ഇത്.

18. കോട്ടയം പഴയസെമിനാരി – 1869 ഒക്ടോബർ 21 (തുലാം 9) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് – വട്ടിപ്പണപ്പലിശ വാങ്ങുന്നതിന് കൂട്ടു ട്രസ്റ്റികളായി താഴത്ത് ചാക്കോ ചാണ്ടപ്പിള്ള കത്തനാരെയും കുളങ്ങര ഇട്ടിച്ചൻ പൈലിയേയും തെരഞ്ഞെടുത്തു.

19. കോട്ടയം പഴയസെമിനാരി – 1870 ഫെബ്രുവരി 7 (മകരം 26) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് – വട്ടിപ്പണം ചെലവാക്കുന്നതിനും സെമിനാരി പഠനം സുഗമമായി നടത്തുന്നതിനുമായി ഒരു കമ്മിറ്റി ഉണ്ടാക്കാൻ തീരുമാനിച്ചു. പത്തു ഭാഗങ്ങളുള്ള ഒരു *പടിയോലയും* പാസ്സാക്കി.

20. പരുമല സെമിനാരി – 1873 സെപ്റ്റംബർ 8 – യുയാക്കിം മാർ കൂറിലോസ്/പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ– മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിക്കും രൂപംകൊടുത്തു. വിശദമായ ഒരു നിയമാവലി പാസാക്കി.

21. മുളന്തുരുത്തി പള്ളി – 1876 ജൂൺ 27–30 – പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ്– സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 24 പേരെ തെരഞ്ഞെടുത്തു.

22. വെളിയനാട് പള്ളി – 1877 ജനുവരി 27–30 – പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് – മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള *മലങ്കര പള്ളിയോഗ* ത്തിന്റെ അവകാശം പാത്രിയർക്കീസ് ബാവാ അംഗീകരിക്കാതിരുന്നതിനാൽ പ്രതിനിധികൾ യോഗം ബഹിഷ്ക്കരിച്ചു.

23. പരുമല സെമിനാരി – 1878 ഫെബ്രുവരി 18 – പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ – പുതിയ കമ്മിറ്റിക്കാരെ നിശ്ചയിച്ചു. നവീകരണക്കാരുമായുള്ള കേസും അതിനായുള്ള പണപ്പിരിവും ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു.

24. പുതുപ്പള്ളി പള്ളി – 1879 ഏപ്രിൽ 26 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – കേസു മൂലമുണ്ടായ കടം വീട്ടാൻ നടപടി. പള്ളികളെ നാലു ക്ലാസായി തിരിച്ചു. പിരിവു തുക നിശ്ചയിച്ചു.

25. കോട്ടയം പഴയസെമിനാരി – 1886 സെപ്റ്റംബർ 11–13 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – ഇടവക പള്ളികളുടെ വരുമാനത്തിന്റെ അഞ്ചു ശതമാനം എല്ലാ വർഷവും പൊതുവകയ്ക്ക് നല്കണം. കൂട്ടു ട്രസ്റ്റിമാരായി കോനാട്ട് കോര യോഹന്നാൻ മല്പാനെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു.

26. കോട്ടയം പഴയസെമിനാരി – 1892 മാർച്ച് 30, 31 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – മാനേജിംഗ് കമ്മിറ്റിയിലേക്ക് പുതിയതായി 24 പേരെ തെരഞ്ഞെടുത്തു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് രൂപംകൊടുത്തു.

27. കോട്ടയം പഴയസെമിനാരി – 1895 നവംബർ 21–23 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – വൈദിക ട്രസ്റ്റിയായ കോനാട്ട് കോര യോഹന്നാൻ മല്പാന്റെ നിര്യാണം മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് കോനാട്ട് കോര മാത്തൻ മല്പാനെ തെരഞ്ഞെടുത്തു.

28. കോട്ടയം പഴയസെമിനാരി – 1901 ഏപ്രിൽ 24, 25 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – കുന്നുംപുറത്ത് കോര ഉലഹന്നാൻ മരിച്ച ഒഴിവിൽ കുന്നുംപുറത്ത് സി.ജെ. കുര്യനെ അത്മായ ട്രസ്റ്റിയായും 24 അംഗ മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കണം എന്നു തീരുമാനിച്ചു.

29. കോട്ടയം പഴയസെമിനാരി – 1908 ഫെബ്രുവരി 27 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മേല്പട്ട സ്ഥാനത്തേക്കും തെരഞ്ഞെടുത്തു. ഇവരിൽ വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിശ്ചയിച്ചു. 26 അംഗ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

30. കോട്ടയം പഴയസെമിനാരി –1909 നവംബർ 25–27 – പ. അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് – പാത്രിയർക്കീസ് ലൗകീകാധികാരം ആവശ്യപ്പെട്ടത് യോഗം നിരസിച്ചതിനാൽ തീരുമാനമെടുക്കാതെ പിരിഞ്ഞു.

31. കോട്ടയം എം. ഡി. സെമിനാരി – 1911 സെപ്റ്റംബർ 7 – വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ – *ബാവാ കക്ഷിയിൽ* ചേർന്ന കോനാട്ട് കോര മാത്തൻ മല്പാൻ, സി. ജെ. കുര്യൻ എന്നിവരെ മാറ്റി പകരം പാലപ്പള്ളിൽ മാണി പൗലോസ് കത്തനാരെയും ചിറക്കടവിൽ കോര കൊച്ചു കോരുളയെയും കൂട്ടു ട്രസ്റ്റികളായി തെരഞ്ഞെടുത്തു.

32. കോട്ടയം പഴയസെമിനാരി – 1930 സെപ്റ്റംബർ 4 – മാർ ദീവന്നാസിയോസ് ആറാമൻ – ആറു പേരെ മേല്പട്ടസ്ഥാനത്തേക്കും 36 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. ഒ. എം. ചെറിയാൻ കൺവീനറായി ഭരണഘടനാ രൂപീകരണ സമിതിയെ നിയമിച്ചു.

33. കോട്ടയം എം. ഡി. സെമിനാരി – 1931 ജൂലൈ 10 – മാർ ദീവന്നാസിയോസ് ആറാമൻ – ചിറക്കടവിൽ കോര കൊച്ചുകോരുളയുടെ നിര്യാണം മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് എറികാട് ഇ. ഐ. ജോസഫിനെ കൂട്ടു ട്രസ്റ്റിയായി തെരഞ്ഞെടുത്തു.

34. കോട്ടയം എം. ഡി. സെമിനാരി – 1934 ഡിസംബർ 26 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കാ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. സഭാഭരണഘടന പാസ്സാക്കി. 60 അംഗ മാനേജിംഗ് കമ്മിറ്റിയെയും ഒരാളെ മേല്പട്ടസ്ഥാനത്തേക്കും തെരഞ്ഞെടുത്തു. 10 അംഗ വർക്കിംഗ് കമ്മിറ്റി ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു. *കാതോലിക്കാനിധി* രൂപീകരിച്ചു.

35. കോട്ടയം എം. ഡി. സെമിനാരി – 1951 മെയ് 17 – പ. ഗീവർഗീസ് ദ്വിതീ

യൻ കാതോലിക്കാ – ഭരണഘടന ഭേദഗതി ചെയ്തു. രണ്ടുപേരെ മേല്പട്ട സ്ഥാനത്തേക്കും 66 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. 15 പേരെ നോമിനേറ്റ് ചെയ്തു.

36. പുത്തൻകാവ് പള്ളി – 1958 ഡിസംബർ 26 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – നിര്യാതരായ കൂട്ടു ട്രസ്റ്റികൾക്കു പകരം മണലിൽ യാക്കോബ് കത്തനാർ, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം എന്നിവരെ തെരഞ്ഞെടുത്തു. *ബാവാ കക്ഷിയിലെ* മേല്പട്ടക്കാരെ അംഗീകരിച്ചു.

37. കോട്ടയം എം. ഡി. സെമിനാരി – 1959 സെപ്റ്റംബർ 16 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 72 പേരെ തെരഞ്ഞെടുത്തു (പിന്നീട് 18 പേരെ നോമിനേറ്റു ചെയ്തു).

38. നിരണം പള്ളി – 1962 മെയ് 17 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

39. കോട്ടയം എം. ഡി. സെമിനാരി – 1965 ഡിസംബർ 28 – പ. ഔഗേൻ കാതോലിക്കാ – മണലിൽ യാക്കോബ് കത്തനാർ രാജിവച്ച ഒഴിവിൽ തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പായെ വൈദികട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

40. കോട്ടയം എം. ഡി. സെമിനാരി – 1970 ഡിസംബർ 31 – പ. ഔഗേൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

41. നിരണം പള്ളി – 1974 ഒക്ടോബർ 2 – പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെയും തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

42. മാവേലിക്കര എം. എസ്. എസ്. ഹൈസ്കൂൾ – 1977 മെയ് 16 – പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെ തെരഞ്ഞെടുത്തു.

43. കോട്ടയം എം. ഡി. സെമിനാരി – 1980 മെയ് 1 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായേയും നിര്യാതനായ ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനു പകരം പടിഞ്ഞാറേക്കര പി. സി. ഏബ്രഹാമിനെ അത്മായ ട്രസ്റ്റിയായും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു. (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

44. തിരുവല്ല എം. ജി. എം. ഹൈസ്കൂൾ – 1982 ഡിസംബർ 28 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – രാജിവച്ച ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായ്ക്കു പകരം കോനാട്ട് ഏബ്രഹാം മല്പാനെ വൈദിക ട്രസ്റ്റിയായും അഞ്ചു പേരെ മേല്പട്ടസ്ഥാനത്തേക്കും തെരഞ്ഞെടുത്തു.

45. കോട്ടയം എം. ഡി. സെമിനാരി – 1985 ഒക്ടോബർ 23 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 90 പേരെ തെരഞ്ഞെടുത്തു (പിന്നീട് 24 പേരെ നോമിനേറ്റു ചെയ്തു).

46. കോട്ടയം എം. ഡി. സെമിനാരി – 1987 ഡിസംബർ 29 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – നിര്യാതനായ കോനാട്ട് ഏബ്രഹാം മല്പാന് പകരം നൂറനാൽ മത്തായി കത്തനാരെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുവാൻ ശ്രമിച്ചെങ്കിലും മതിയായ മിനിമം വോട്ടു ലഭിക്കാതിരുന്നതിനാൽ ആരെയും തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല.

47. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് – 1989 ഡിസംബർ 28 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറ്റിയിലേക്ക് 108 പേരെയും തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റു ചെയ്തു).

48. പരുമല സെമിനാരി – 1992 സെപ്റ്റംബർ 10 – പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് രണ്ടുപേരെ തെരഞ്ഞെടുത്തു (മൂന്നു പേരെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്).

49. പരുമല സെമിനാരി – 1994 മെയ് 26 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 108 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

50. പരുമല സെമിനാരി – 2002 മാർച്ച് 20 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ജസ്റ്റീസ് വി. എസ്. മളീമഠിന്റെ നിരീക്ഷണത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്ഥിരീകരിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 111 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

51. പരുമല സെമിനാരി – 2004 ജൂൺ 10 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഡോ. ഒ. തോമസ് കത്തനാരെയും മേല്പട്ടസ്ഥാനത്തേക്ക് നാലു പേരെയും തെരഞ്ഞെടുത്തു. ഏഴു പേരെ തെരഞ്ഞെടുക്കാനാണുദ്ദേശിച്ചിരുന്നതെങ്കിലും മതിയായ വോട്ടു ലഭിച്ചത് നാലു പേർക്കു മാത്രമാണ്.

52. പരുമല സെമിനാരി – 2006 സെപ്റ്റംബർ 21, ഒക്ടോബർ 12 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – 1971 മുതലുള്ള എല്ലാ അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങളും സ്ഥിരപ്പെടുത്തി. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ എണ്ണം 159 ആയി വർദ്ധിപ്പിച്ചു. ഇതിൽ 129 പേർ തെരഞ്ഞെടുക്കപ്പെടുന്നവർ ആയിരിക്കും.

53. പരുമല സെമിനാരി – 2007 മാർച്ച് 21 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം. ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

54. പാമ്പാക്കുട എംടിഎം ഹയർ സെക്കണ്ടറി സ്കൂൾ – 2008 സെപ്റ്റംബർ 11 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

55. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം – 2010 ഫെബ്രുവരി 17 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

56. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് – 2012 മാർച്ച് 7 – പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം.ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു. (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു). മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ എണ്ണം 174 ആയി വർദ്ധിപ്പിച്ചു. ഇതിൽ 141 പേർ തെരഞ്ഞെടുക്കപ്പെടുന്നവരും 33 പേർ നാമനിർദേശം ചെയ്യപ്പെടുന്നവരും ആയിരിക്കും.

57. കോട്ടയം എം.ഡി. സെമിനാരി – 2017 മാർച്ച് 1 – പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായട്രസ്റ്റിയായി ജോർജ് പോളിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 141 പേരെ തെരഞ്ഞെടുത്തു (പിന്നീട് 33 പേരെ നോമിനേറ്റ് ചെയ്തു).

58. കോലഞ്ചേരി – 2021 ഫെബ്രുവരി 25 – പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

59. കോട്ടയം എം.ഡി. സെമിനാരി – 2022 ഓഗസ്റ്റ് 4 – പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. തോമസ് വർഗീസ് അമയിലിനെയും അത്മായട്രസ്റ്റിയായി റോണി വർഗീസ് എബ്രഹാമിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 141 പേരെ തെരഞ്ഞെടുത്തു (പിന്നീട് 33 പേരെ നോമിനേറ്റ് ചെയ്തു). ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

20, 21 നൂറ്റാണ്ടുകളിലെ മെത്രാൻ തിരഞ്ഞെടുപ്പിന്റെ ചരിത്രം

ഡെറിൻ രാജു

മലങ്കരസഭ വീണ്ടുമൊരു മേൽപ്പട്ടസ്ഥാന തിരഞ്ഞെടുപ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ആഗസ്റ്റ് 27-നു മുളന്തുരുത്തി വെട്ടിക്കൽ ദയറാ അങ്കണത്തിലെ മാർ ഗ്രീഗോറിയോസ് നഗറിൽ നടക്കുന്ന വോട്ടെടുപ്പും തിരഞ്ഞെടുപ്പും മുളന്തുരുത്തി സുന്നഹദോസിനു ശേഷം സഭയുടെ വടക്കൻ പ്രദേശത്ത് നടക്കുന്ന നാലാമത് അസോസിയേഷനാണ്. 1889-ലെ റോയൽ കോടതി വിധി മലങ്കരയിലെ മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പിനു ജനങ്ങളുടെ അംഗീകാരം നിർബന്ധമാക്കി. ഇതോടെ അസോസിയേഷൻ എന്ന ആധുനിക മലങ്കര പള്ളിയോഗത്തിനും അതിന്റെ മാനേജിംഗ് കമ്മിറ്റിക്കും അവയുടെ ശബ്ദം തിരിച്ചു കിട്ടി. മലങ്കരയിൽ പാത്രിയർക്കീസിനു ലൗകികാധികാരം ഇല്ലായെന്നും റിശീസാ പാത്രിയർക്കീസിനാണോ ഭരിക്കുന്ന മെത്രാനാണോ അവകാശപ്പെട്ടതെന്ന് കൃത്യമായി പറയുവാൻ ആകില്ലായെന്നും ജനങ്ങളുടെ അംഗീകാരം ഇല്ലാതെ വാഴിക്കപ്പെടുന്ന മെത്രാന്മാർക്ക് മലങ്കരയിൽ ഭരണാധികാരം ഇല്ലായെന്നുമുള്ള വിധിയിലെ കണ്ടെത്തലുകൾ പാത്രിയർക്കീസിനു തിരിച്ചടിയുമായി. ഇതിനെ തുടർന്നാണ് പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമനോട് ലൗകികാധികാരം ആവശ്യപ്പെട്ടതും അദ്ദേഹം അതിനു തയ്യാറാകാതിരുന്നതും. തുടർന്നുള്ള വർഷങ്ങൾ മാനേജിംഗ് കമ്മിറ്റിയും അസോസിയേഷനും തങ്ങളുടെ അധികാരം കൃത്യമായി ഉറപ്പിക്കുന്ന കാഴ്ചയാണ് കാണുന്നത്. 1892-ലെ മാനേജിംഗ് കമ്മിറ്റി അതിന്റെ പ്രധാന തെളിവാണ്. ദീർഘമായ ആ ചരിത്രം പ്രതിപാദിക്കാതെ കഴിഞ്ഞ നൂറ്റാണ്ടിലെയും ഈ നൂറ്റാണ്ടിലെയും മെത്രാൻ തിരഞ്ഞെടുപ്പുകളുടെ ചരിത്രം മാത്രം ഇവിടെ രേഖപ്പെടുത്തുകയാണ്.

1895 നവംബറിൽ കൂടിയ മലങ്കര അസോസിയേഷൻ പരുമല മാർ ഗ്രിഗോറിയോസിനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിച്ചു. എന്നാൽ തന്റെ 54-ാം വയസിൽ 1902-ൽ ആകസ്മികമായി അദ്ദേഹം കാലം ചെയ്തതോടു കൂടി സഭയിൽ ഒരു നേതൃത്വ പ്രതിസന്ധി ഭാവിയിൽ സൃഷ്ടിക്കപ്പെടുമെന്ന തോന്നൽ ശക്തമായി. മലങ്കര മെത്രാപ്പോലീത്തായ്ക്ക് 70 വയസോളം പ്രായവും ആയിരുന്നു. മറ്റ് രണ്ട് മെത്രാപ്പോലീത്താമാരിൽ കടവിൽ മാർ അത്താനാസിയോസിനെയും ആരോഗ്യപ്രശ്നങ്ങൾ അലട്ടിയിരുന്നു. അതിനാൽ തന്നെ എത്രയുംവേഗം ഒരു പിൻഗാമിയെയും മേൽപ്പട്ടസ്ഥാനികളെയും തെരഞ്ഞെടുക്കേണ്ടത് ആവശ്യമായി വന്നു. മാർ ഗ്രീഗോറിയോസിന്റെ മരണവിവരം അറിയിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കുലറിൽ മലങ്കരമെത്രാപ്പോലീത്താ ഈ വിവരം വ്യക്തമാക്കുന്നുണ്ട്. "... അതു കൂടാതെ നമ്മുടെ ഈ സഹോദരന്റെ മരണത്താൽ വന്നിട്ടുള്ളതും ശേഷമുള്ള മെത്രാപ്പോലീത്തന്മാർ എല്ലാവരും വൃദ്ധൻമാരായിരിക്കകൊണ്ട് വരാവുന്നതുമായ ഒഴിവിലേക്ക് ഒന്നോ രണ്ടോ ആളുകളെ മെത്രാപ്പോലീത്തന്മാരായി വാഴിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നതിനാൽ അതിലേക്ക് ഈ മുപ്പതാം ദിവസം അടിയന്തിരത്തിന് പള്ളിക്കാർ കൂടി തിരഞ്ഞെടുപ്പ് ചെയ്യണമെന്ന് നിശ്ചയിച്ചിരിക്കുന്നു. നിശ്ചയിച്ച പ്രകാരം യോഗം മാർ ഗ്രീഗോറിയോസിന്റെ മുപ്പതാം അടിയന്തിര ദിവസം കൂടി. മേൽപ്പട്ടസ്ഥാനത്തേക്ക് ഉള്ള തിരഞ്ഞടുപ്പ് മാത്രമായിരുന്നു ആലോചനാവിഷയം. കോട്ടയം പഴയസെമിനാരി മാനേജർ പൗലോസ് റമ്പാനെയും വട്ടശേരിൽ ഗീവറുഗീസ് മല്പാനെയും മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കാമെന്ന് കുമരകം പള്ളി വികാരി അഭിപ്രായപ്പെട്ടു. പലരും അതിനെ പിന്താങ്ങി. എന്നാൽ വടക്കു നിന്നുള്ള ചില പ്രതിനിധികൾ ഈ രണ്ട് പേര് പോരെന്നും വടക്കുനിന്നും ആളുകൾ വേണമെന്നും ആവശ്യപ്പെട്ടു. എന്നാൽ അതാരൊക്കെയാണെന്നു അവിടെയുള്ളവർക്ക് നിശ്ചയമില്ലാത്തതിനാൽ വലിയ തിരുമേനിയും മറ്റുള്ള തിരുമേനിമാരും നിശ്ചയിച്ചാൽ മതിയെന്നും അവർ അഭിപ്രായപ്പെടുകയും യോഗം അത് കൈയടിച്ചു അംഗീകരിക്കുകയും ചെയ്തു. ഇതാണ് ഇരുപതാം നൂറ്റാണ്ടിൽ മെത്രാൻ തിരഞ്ഞെടുപ്പിനായി കൂടിയ ആദ്യ യോഗം. ഈ യോഗനിശ്ചയത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് താമസിയാതെ വട്ടശേരിൽ മല്പാനെ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് റമ്പാനാക്കിയത്. മാർ ദീവന്നാസിയോസ് കോനാട്ട് മാത്തൻ മല്പാനു അയയ്ക്കുന്ന കത്തിൽ വടക്കു നിന്നുള്ള സ്ഥാനാർഥിയെ മല്പാൻ നിശ്ചയിച്ചാൽ മതിയെന്നു കാണുന്നുണ്ട്. എന്നാൽ പരുമലയിലെ ഈ തീരുമാനങ്ങൾ പൊടുന്നനെ എന്തുകൊണ്ടോ നടപ്പിലായില്ല.

1908 ആയപ്പോഴേക്കും മാർ ദീവന്നാസിയോസ് എഴുപത്തിയഞ്ചാം വയസിലേക്ക് കടന്നിരുന്നു. കടവിൽ മാർ അത്താനാസിയോസ് കാലം ചെയ്യുകയും ചെയ്തിരുന്നു. ഇതോടെ എത്രയുംവേഗം ഒരു പിൻഗാമിയെയും മെത്രാപ്പോലീത്താമാരെയും തിരഞ്ഞെടുക്കേണ്ടത് ആവശ്യമായി വന്നു. രണ്ട് പേരെ തിരഞ്ഞെടുക്കുകയും ശേഷമുള്ളവരായി ഇഷ്ടമുള്ളവരെ തിരുമേനിമാർ നിശ്ചയിച്ചുകൊള്ളാൻ മലങ്കര പള്ളിയോഗം അനുമതി കൊടുത്തിട്ടും ആ അധികാരം മലങ്കര അസോസിയേഷനിലേക്കു തന്നെ തിരികെ കൊടുക്കുവാൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തയ്യാറായി. അദ്ദേഹം 1908 മകരം 2-നു അസോസിയേഷൻ കൂടാൻ നോട്ടീസ് കല്പന അയച്ചു. 1908 കുംഭ മാസം 15-നു കോട്ടയത്ത് യോഗം ചേർന്നു. യോഗം രണ്ടാം നിശ്ചയമായി നേരത്തെ മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും വട്ടശേരിൽ ഗീവറുഗീസ് റമ്പാനെയും ഐകകണ്ഠ്യേന സ്ഥിരപ്പെടുത്തി. തുടർന്ന് ഇരുവരെയും യേരുശലേമിലേക്ക് അയയ്ക്കുകയും ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ഇരുവരെയും യഥാക്രമം മാർ കൂറീലോസ്, മാർ ദീവന്നാസിയോസ് എന്നീ പേരുകളിൽ മേൽപ്പട്ടക്കാരായി വാഴിക്കുകയും ചെയ്തു.

1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലെത്തി. 1909 നവംബറിൽ കൂടിയ അസോസിയേഷന്റെ മൂന്നാം ദിവസം പാത്രിയർക്കീസ് മലങ്കരയ്ക്ക് എത്ര മെത്രാന്മാരാണ് ആവശ്യമെന്ന് ആലോചിച്ചു പറയുവാൻ ആവശ്യപ്പെട്ടു. ശീമയിലെ സ്ഥിതി പരിഗണിച്ചാൽ ഇവിടെ അമ്പതു മെത്രാന്മാരാകാം എന്നും കൂട്ടിച്ചേർത്തു. എന്നാൽ പൊതു അഭിപ്രായം രണ്ടോ നാലോ എന്നായിരുന്നത് അദ്ദേഹത്തിനു ഇഷ്ടപ്പെട്ടില്ല. എന്നാൽ രണ്ട് പേരെ മെത്രാന്മാരായി വാഴിക്കുന്നതിനു പൊതുയോഗം താൽപര്യം അറിയിക്കുന്നുണ്ട്. കൊച്ചി, അങ്കമാലി, കണ്ടനാട് എന്നീ ഇടവകളെ ആലുവാ സെമിനാരി ആസ്ഥാനമാക്കി ഒരു വടക്കൻ ഡിവിഷനായും കൊല്ലം, തുമ്പമൺ, നിരണം എന്നിവയെ പരുമല സെമിനാരി ആസ്ഥാനമാക്കി ഒരു തെക്കൻ ഡിവിഷനായും മദ്ധ്യ ഡിവിഷനായി കോട്ടയം

സെമിനാരി ആസ്ഥാനമാക്കി കോട്ടയം ഇടവകയെയും ക്രമീകരിക്കുവാനും ഇവ യഥാക്രമം മാർ ഈവാനിയോസ്, മാർ കൂറീലോസ്, മാർ ദീവന്നാസിയോസ് എന്നിവരുടെ മേൽനോട്ടത്തിലാക്കുവാനും യോഗം ശുപാർശ ചെയ്യുന്നുണ്ട്. കൂടാതെ വടക്കൻ ഡിവിഷന്റെ സഹായമെത്രാനായി കൊച്ചുപൗലോസ് റമ്പാനെയും തെക്കൻ ഡിവിഷന്റെ സഹായമെത്രാനായി പുന്നൂസ് റമ്പാനെയും വാഴിക്കുവാനും യോഗം പാത്രിയർക്കീസിനോട് ആവശ്യപ്പെടുന്നുണ്ട്. പാത്രിയർക്കീസ് വട്ടശേരിൽ മാർ ദീവന്നാസിയോസിനെ 1911 ഇടവ മാസം മുടക്കുന്നതിനു മുമ്പായി തന്നെ രണ്ട് പേർക്ക് റജിസ്റ്റർ ഉടമ്പടി വാങ്ങി മേൽപ്പട്ടസ്ഥാനം നൽകി. കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസിനും ഇടവഴിക്കൽ മാർ സേവേറിയോസിനും അദ്ദേഹം 1910 ജൂൺ, ഓഗസ്റ്റ് മാസങ്ങളിലായി പട്ടം നൽകി.

സഭാ പിളർപ്പിനു ശേഷം 1911 സെപ്റ്റംബർ 7-നു മലങ്കരമെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ അസോസിയേഷൻ അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുവാനും അദ്ദേഹം വരുമ്പോൾ വാകത്താനത്തു ഗീവറുഗീസ് റമ്പാൻ, പരുമല മാനേജർ പുന്നൂസ് റമ്പാൻ, പാമ്പാടി കുറിയാക്കോസ് റമ്പാൻ എന്നിവരിൽ ആർക്കെങ്കിലും മേൽപ്പട്ടസ്ഥാനം സ്വീകരിക്കണമെന്നുണ്ടെങ്കിൽ അതിനു അനുമതിയും നൽകി. അബ്ദേദ് മശിഹാ പാത്രിയർക്കീസ് 1912 ഇടവത്തിൽ മലങ്കരയിലെത്തി. മുൻ നിശ്ചയങ്ങളുടെ കൂടെ വെളിച്ചത്തിൽ അദ്ദേഹം പരുമല മാനേജർ പുന്നൂസ് റമ്പാനെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. 1912 സെപ്തംബർ 15-ലെ കാതോലിക്കേറ്റിന്റെ സ്ഥാപനത്തോടു കൂടി മലങ്കരയ്ക്ക് ആവശ്യമുള്ള മേൽപ്പട്ടക്കാരെ വാഴിക്കുക എന്ന അവകാശവും ചുമതലയും പൗരസ്ത്യ കാതോലിക്കേറ്റിൽ നിക്ഷിപ്തമായി. ഒന്നാം കാതോലിക്കാ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ, കാരുചിറ ഗീവറുഗീസ് റമ്പാനെ മാർ പീലക്സിനോസ് എന്ന പേരിലും കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിലും മെത്രാപ്പോലീത്താമാരായി വാഴിച്ചു.

രണ്ടാം കാതോലിക്കാ 1925 ഏപ്രിൽ 30-നു സ്ഥാനമേറ്റു. സ്ഥാനാരോഹണത്തിനു ശേഷം നടന്ന യോഗത്തിൽ മേൽപ്പട്ടസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. പാമ്പാടി കുറിയാക്കോസ് റമ്പാൻ, പാറേട്ട് മാത്യൂസ് കത്തനാർ, സി. എം. തോമസ് ശെമ്മാശൻ, പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ എന്നിവരെ യോഗം മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. എന്നാൽ ഈ തിരഞ്ഞെടുപ്പുകളിൽ ഒന്നും പെടാതിരുന്ന പി. റ്റി. ഗീവറുഗീസ് റമ്പാനാണ് ഗീവറുഗീസ് മാർ ഈവാനിയോസ് (01-05-1925) എന്ന പേരിൽ രണ്ടാം കാതോലിക്കാ ബാവാ മേൽപ്പട്ടസ്ഥാനം നൽകിയത്.

രണ്ടാം കാതോലിക്കാ ബാവാ അവിചാരിതമായി കാലം ചെയ്തതോടു കൂടി വീണ്ടും മേൽപ്പട്ടസ്ഥാനത്തേക്ക് ഒരു തിരഞ്ഞെടുപ്പ് ആവശ്യമായി വന്നു. മലങ്കര മെത്രാപ്പോലീത്താ ഉൾപ്പെടെ മൂന്ന് പേർ മാത്രമായി മേൽപ്പട്ടക്കാരുടെ എണ്ണം ചുരുങ്ങി. നിരണം മുതലായ ഇടവകകളുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (പിന്നീട് ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ) 1928 ഡിസംബർ 24-നു വള്ളിക്കാട്ട് ദയറായിൽ നിന്ന് പള്ളിപ്രതിപുരുഷയോഗം കൂടാൻ കല്പന അയച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1929 ജനുവരി 15-നു യോഗം കൂടി. അദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കായായി വാഴിക്കാമെന്ന് യോഗം നിശ്ചയിച്ചു.

നേരത്തെ തിരഞ്ഞെടുത്തവർക്ക് പുറമേ ബഥനി അംഗങ്ങളായ അലക്സിയോസ് കത്തനാർക്കും യാക്കോബ് കത്തനാർക്കും മേൽപ്പട്ടസ്ഥാനം നൽകുവാനും യോഗം തീരുമാനിച്ചു.

മൂന്നാം കാതോലിക്കായായി ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ 1929 ഫെബ്രുവരി 15-നു സ്ഥാനമേറ്റു. തന്റെ സ്ഥാനാരോഹരണത്തിന്റെ പിറ്റേ ദിവസം അദ്ദേഹം കുറിയാക്കോസ് റമ്പാനെ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് എന്ന പേരിലും യാക്കോബ് റമ്പാനെ യാക്കോബ് മാർ തെയോഫിലോസ് എന്ന പേരിലും മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി.

കൂടുതൽ മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുക എന്നതും മറ്റ് ചില പ്രധാന ആലോചനകൾക്കുമായി 1930 സെപ്റ്റംബർ 4-നു കോട്ടയം പഴയസെമിനാരിയിൽ ഒരു യോഗം കൂടി. യോഗത്തിൽ ആറ് പേരെ മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. ഇവരിൽ ചിലരെ നേരത്തെ തന്നെ തിരഞ്ഞെടുത്തിരുന്നതുമായിരുന്നു. പുത്തൻകാവിൽ ഗീവറുഗീസ് റമ്പാൻ, പാറേട്ട് മാത്യൂസ് കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, വാളക്കുഴിയിൽ ജോസഫ് കത്തനാർ, ബഥനിയുടെ അലക്സിയോസ് കത്തനാർ, കെ. സി. ചാക്കോ എന്നിവരെയാണ് തിരഞ്ഞെടുത്തത്. ഇതിൽ കെ. സി. ചാക്കോ അയ്മേനിയായിരുന്നു. അദ്ദേഹവും ചെറിയമഠത്തിൽ സ്കറിയാ മല്പാനും സ്ഥാനം സ്വീകരിച്ചില്ല. ഗീവറുഗീസ് റമ്പാനെ മാർ പീലക്സിനോസ് എന്ന പേരിൽ 1930 നവംബർ 3-നും വാളക്കുഴിയിൽ ജോസഫ് റമ്പാനെ മാർ സേവേറിയോസ് എന്ന പേരിൽ 1933 മേയ് 25-നും ഗീവറുഗീസ് ദ്വിതീയൻ ബാവാ മേൽപ്പട്ടക്കാരായി വാഴിച്ചു.

1877-ൽ പത്രോസ് തൃതിയൻ പാത്രിയർക്കീസ് 'മലങ്കരയെ ഏഴ് ഇടവകകളായി തിരിച്ചിരിക്കുന്നു' എന്ന് പ്രഖ്യാപിച്ചു. പിന്നീട് ആ ഇടവകകളിൽ തന്നെ മലങ്കരസഭയിലെ മെത്രാസനങ്ങൾ നിലനിന്നു. ഇടയ്ക്ക് അൽവാറീസ് മാർ യൂലിയോസിനെ ബ്രിട്ടീഷ് ഇന്ത്യ, സിലോൺ, ഗോവാ തുടങ്ങിയ ഇടങ്ങൾ ഏല്പിച്ചുവെങ്കിലും അവയിൽ മലങ്കരസഭാംഗങ്ങൾ സ്ഥാപിച്ച ഇടവകകൾ ഉൾപ്പെട്ടിരുന്നില്ല.

ഫാ. അലക്സിയോസിനെ മാർ തേവോദോസിയോസ് എന്ന പേരിൽ 1938 ഏപ്രിൽ 7-നു മേൽപ്പട്ടക്കാരനായി വാഴിച്ചു. ഫാ. അലക്സിയോസിനെ 1934 ഡിസംബർ 26-ലെ എം.ഡി. സെമിനാരി യോഗം വീണ്ടും തിരഞ്ഞെടുക്കുന്നുണ്ട്. 1925-ൽ തന്നെ മേൽപ്പട്ടസ്ഥാനത്തേക്ക് നാമനിർദേശം ചെയ്യപ്പെട്ടിരുന്ന സി. എം. തോമസ് റമ്പാനെ ഗീവറുഗീസ് ദ്വിതീയൻ ബാവാ 1940 മെയ് 6-നു തോമാ മാർ ദീവന്നാസിയോസ് എന്ന പേരിൽ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. കൊല്ലം, നിരണം ഭദ്രാസനങ്ങളുടെ ചുമതല ഇവർക്കു നൽകി.

1934-ൽ മലങ്കരസഭാ ഭരണഘടന നിലവിൽ വന്നതോടെ തിരഞ്ഞെടുപ്പിന്റെ രീതി കുറച്ച് കൂടി ക്യത്യമായി. നിലവിൽ വന്ന ഭരണഘടനയിലെ 108-ാം വകുപ്പ് പ്രകാരം തെരഞ്ഞെടുപ്പിന് ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം തിരഞ്ഞെടുപ്പിനു നിർബന്ധമായി. 1951 മേയ്

17-നു കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് വട്ടക്കുന്നേൽ മാത്യൂസ് കത്തനാർ, പി. ഇ. ദാനിയേൽ കത്തനാർ എന്നിവരെ തിരഞ്ഞെടുത്തു. ഗീവറുഗീസ് ദ്വിതീയൻ ബാവാ ഇരുവർക്കും യഥാ ക്രമം മാർ അത്താനാസിയോസ്, മാർ പീലക്സീനോസ് എന്നീ പേരുകളിലും നേരത്തെ പല തവണ തിരഞ്ഞെടുക്കപ്പെട്ടിരുന്ന പാറേട്ട് മാത്യൂസ് കത്തനാർക്ക് മാർ ഈവാനിയോസ് എന്ന പേരിലും ഓതറ ദയറായിലെ മാത്യൂസ് കത്തനാരെ മാത്യൂസ് മാർ കൂറീലോസ് എന്ന പേരിലും സ്ലീബാദാസ സമൂഹ സ്ഥാപകൻ പത്രോസ് റമ്പാനെ മാർ ഒസ്താത്തിയോസ് എന്ന പേരിലും എപ്പിസ്കോപ്പാ മാരായി 1953 മേയ് 15-നു വാഴിച്ചു. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ 1964-ൽ കാലം ചെയ്തതിനെ തുടർന്ന് ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ 1964 മേയ് 22-നു സ്ഥാനാരോഹണം ചെയ്യപ്പെട്ടു.

മേൽപ്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെ തിരഞ്ഞെടുക്കുവാനായി 1965 ഡിസം ബർ 28-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ യോഗം ചേർന്നു. തിര ഞ്ഞെടുപ്പിൽ ഒരു വികേന്ദ്രീകൃത സ്വഭാവം ആ വർഷം കൈവന്നു. ഓരോ മെത്രാസനത്തിൽ നിന്നും മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കുവാൻ ആഗ്ര ഹിക്കുന്ന അഞ്ചു പേരെ നാമനിർദേശം ചെയ്യുവാനും അപ്രകാരം നാമനിർദേശം ചെയ്യുന്നവരിൽ നിന്ന് അഞ്ചുപേരെ മാനേജിംഗ് കമ്മിറ്റി നിശ്ചയിച്ച് അസോസി യേഷനിലേക്ക് ശുപാർശ ചെയ്യുവാനും ആ തവണ തീരുമാനിച്ചു. അങ്ങനെ മാനേജിംഗ് കമ്മിറ്റി മുന്നോട്ട് വച്ച അഞ്ചു പേരുകളെയും അസോസിയേഷൻ അംഗീകരിച്ചു. എന്നാൽ എപ്പിസ്കോപ്പൽ സിനഡ് ഇതിൽ രണ്ട് പേരുടെ തിര ഞ്ഞെടുപ്പിനു അംഗീകാരം നൽകിയില്ല. അംഗീകാരം ലഭിച്ച മൂന്ന് പേരെ ഔഗേൻ പ്രഥമൻ ബാവാ ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ പേരുകളിൽ 1966 ഓഗസ്റ്റ് 24-നു മെത്രാപ്പോലീത്താമാരായി വാഴിച്ചു.

അസോസിയേഷൻ നടപടിച്ചട്ടങ്ങൾ 1970 സെപ്റ്റംബറിൽ നിലവിൽ വന്നു. 1974 ഒക്ടോബറിൽ അഞ്ചു മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുവാനായി വീണ്ടും നിരണം പള്ളിയിൽ അസോസിയേഷൻ യോഗം കൂടി. 1965-ൽ തിരഞ്ഞെടുക്ക പ്പെട്ടിട്ടും സ്ഥാനം ലഭിക്കാതിരുന്ന രണ്ട് പേരും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. അവർക്കു പുറമേ മൂന്നു പേരു കൂടി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. അഞ്ചു പേർക്കും 1975 ഫെബ്രുവരി 16-നു ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, തോമസ് മാർ മക്കാറിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ പേരുകളിൽ മെത്രാൻ സ്ഥാനം നൽകി.

ഔഗേൻ ബാവാ 1975-ൽ സ്ഥാനത്യാഗം ചെയ്തതോടെ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ സ്ഥാനമേറ്റു. ബാഹ്യകേരള ഇടവകയെ ബോംബേ, മദ്രാസ്, ഡെൽഹി എന്നീ മൂന്നു മെത്രാസനങ്ങളായി തൽക്കാല ത്തേക്ക് 1976-ൽ വിഭജിച്ചു.

1977-ൽ മാവേലിക്കര പുതിയകാവിൽ കൂടിയ അസോസിയേഷനിലാണ് ആദ്യമായി മെത്രാൻ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് വേണ്ടി വന്നത്. അഞ്ചു പേരെ തിരഞ്ഞെടുക്കാൻ കൂടിയ യോഗത്തിൽ എട്ടു പേർ സ്ഥാനാർത്ഥികളായി ഉണ്ടാ യിരുന്നു. ഫാ. കെ. കെ. മാത്യൂസ് റമ്പാൻ ഏറ്റവും അധികം വോട്ടു നേടി. അദ്ദേഹത്തെ കൂടാതെ സി. സഖറിയാ റമ്പാൻ, യൂഹാനോൻ റമ്പാൻ, ഫാ. റ്റി. ഇ. ജോർജ്, ഫാ. എം. എം. ജേക്കബ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഈ അഞ്ചു പേർക്കും ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ 1978 മെയ് 15-നു മാർ ബർന്നബാസ്, മാർ ദീവന്നാസിയോസ്, മാർ അത്താനാസി യോസ്, മാർ ദീയസ്കോറോസ്, മാർ പോളിക്കാർപ്പോസ് എന്നീ പേരുകളിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി.

താൽക്കാലികമായി മൂന്ന് മെത്രാസനങ്ങളായി 1976-ൽ തിരിച്ച ബാഹ്യകേരള മെത്രാസനത്തെ ബോംബേ, മദ്രാസ്, ഡെൽഹി, കൽക്കട്ട, അമേരിക്ക എന്നീ അഞ്ചു മെത്രാസനങ്ങളായി തിരിച്ചു. കൂടാതെ കൊല്ലം മെത്രാസനത്തെ വിഭ ജിച്ച് കൊല്ലം, തിരുവനന്തപുരം എന്നീ രണ്ട് മെത്രാസനങ്ങളാക്കി. ഇത് 1-1-1979-ൽ നിലവിൽ വന്നു. കോട്ടയം മെത്രാസനത്തെ കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി എന്നീ മെത്രാസനങ്ങളായി 1982-ൽ വിഭജിച്ചു. ഇവയെല്ലാം വീണ്ടും മേൽപ്പട്ടസ്ഥാനികളുടെ തിരഞ്ഞെടുപ്പിലേക്ക് നയിച്ചു. മേൽപ്പട്ടസ്ഥാനി കളെ തിരഞ്ഞെടുക്കുവാൻ 1982 ഡിസംബർ 28-നു തിരുവല്ലായിൽ കൂടിയ മലങ്കര അസോസിയേഷനിൽ വോട്ടെടുപ്പ് ഉണ്ടായില്ല. വീണ്ടും ഐകകണ്ഠ്യേന തിരഞ്ഞെടുപ്പ് നടന്നു. തിരഞ്ഞെടുക്കപ്പെട്ട കെ. ജി. ഗീവറുഗീസ് റമ്പാൻ, ഫാ

ഫിലിപ്പോസ് തോമസ്, ഫാ. കെ. റ്റി. തോമസ്, ഫാ. കെ. ഐ. പോൾ, ഫാ. കെ. മത്തായി എന്നിവർക്ക് 1985 മെയ് 15-നു മാർ ഈവാനിയോസ്, മാർ യൗസേ ബിയോസ്, മാർ അത്താനാസിയോസ്, മാർ മിലിത്തിയോസ്, മാർ എപ്പിഫാനി യോസ് എന്നീ പേരുകളിൽ മാത്യൂസ് പ്രഥമൻ ബാവാ എപ്പിസ്കോപ്പാ സ്ഥാനം നൽകി. മേൽപ്പട്ടസ്ഥാനത്തേക്ക് ഒരാളെ തിരഞ്ഞെടുക്കുവാനായി 1987 ഡിസം ബർ 29-നു കോട്ടയം എം.ഡി സെമിനാരിയിൽ അസോസിയേഷൻ യോഗം കൂടി. മേൽപ്പട്ടസ്ഥാനത്തേക്ക് മാനേജിംഗ് കമ്മറ്റി ഒരാളെ നാമനിർദേശം ചെയ്തു. ഫാ. ഡബ്ല്യു. എ. ചെറിയാനായിരുന്നു നാമനിർദേശം ചെയ്യപ്പെട്ടത്. പന്ത്രണ്ട് സ്ഥാനാർഥികൾ മത്സരരംഗത്ത് ഉണ്ടായിരുന്നു. ഇതിൽ രണ്ട് പത്രിക കൾ തള്ളി. ശേഷിച്ച 10 പേരിൽ റമ്പാൻ തെയോഫോറസ് കോർ-എപ്പിസ് കോപ്പാ, സിറിൾ റമ്പാൻ, ഫാ. കെ. സി. മാത്യു എന്നിവർ പത്രിക പിൻവലിച്ചു. ഏഴ് പേർ മത്സരരംഗത്തു തുടർന്നു. എന്നാൽ ഇവരിൽ ആർക്കും വിജയിക്കു വാൻ വേണ്ട മിനിമം വോട്ട് ലഭിച്ചില്ല. അങ്ങനെ ആരും വിജയിക്കാത്ത ഒരു തിരഞ്ഞെടുപ്പും ചരിത്രത്തിലുണ്ടായി.

1989 ജൂണിൽ പുതുക്കിയ നടപടിച്ചട്ടങ്ങൾ നിലവിൽ വന്നു. അതിൻപ്രകാ രമായിരുന്നു അടുത്ത തിരഞ്ഞെടുപ്പ്. 1989 ഡിസംബർ 28-നു അഞ്ചു മേൽപ്പട്ട ക്കാരെ തിരഞ്ഞെടുക്കുവാൻ പത്തനംതിട്ടയിൽ യോഗം ചേർന്നു. മാനേജിംഗ് കമ്മറ്റി അഞ്ചു പേരുടെ പാനൽ അസോസിയേഷനു സമർപ്പിച്ചു. പാനലിനു പുറത്ത് മൂന്ന് പേർ മത്സരിച്ചു. പാനലിലെ അഞ്ചു പേരും വിജയിച്ചു. ഫാ. പി. എം. കുറിയാക്കോസ്, ഫാ. ജോബ് തോമസ്, ഫാ. ഡബ്ല്യൂ. എ. ചെറിയാൻ, ഫാ. എം. എ. മത്തായി, ഫാ. ജോർജ് കുര്യൻ എന്നിവരായിരുന്നു തിരഞ്ഞെടുക്ക പ്പെട്ടത്.

ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ 1991-ൽ സ്ഥാന ത്യാഗം ചെയ്യുകയും ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു. തന്റെ സ്ഥാനാരോഹണത്തിന്റെ പിറ്റേന്ന്, 1991 ഏപ്രിൽ 30-നു അദ്ദേഹം 1989-ൽ തിരഞ്ഞെടുക്കപ്പെട്ട നേരത്തെ രേഖപ്പെടുത്തിയ അഞ്ച് പേർക്കും മാർ ക്ലിമ്മീസ്, മാർ പീലക്സീനോസ്, മാർ അന്തോണിയോസ്, മാർ സേവേറിയോസ്, മാർ കൂറീലോസ് എന്നീ പേരുകളിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി.

മേൽപ്പട്ടസ്ഥാനത്തേക്ക് മൂന്ന് പേരെ തിരഞ്ഞെടുക്കുവാനായി 1992 സെപ്റ്റം ബർ 10-നു പരുമല സെമിനാരിയിൽ അടുത്ത അസോസിയേഷൻ കൂടി. ഫാ. ജേക്കബ് ചെറിയാൻ, ഫാ. വി. വറുഗീസ്, വി. പി. പൗലോസ് റമ്പാൻ എന്നിവരെ മാനേജിംഗ് കമ്മറ്റി ശുപാർശ ചെയ്തു. ആകെ ഒമ്പതു പേർ മത്സരിച്ചു. മൂന്നു പേർ പിന്മാറിയിരുന്നു എങ്കിലും പത്രിക പിൻവലിക്കാനുള്ള സമയം കഴിഞ്ഞതി നാൽ അവരുടെ പേരുകളും ബാലറ്റ് പേപ്പറിൽ ഉണ്ടായിരുന്നു. എന്നാൽ രണ്ട് പേർക്കു മാത്രമേ വിജയിക്കുവാനാവശ്യമായ വോട്ട് ലഭിച്ചുള്ളു. പാനലിൽ നിന്നു മത്സരിച്ച ഫാ. ജേക്കബ് ചെറിയാനും പാനലിന്റെ പുറത്ത് നിന്ന് മത്സരിച്ച ഫാ. പൗലോസ് ഒ.ഐ.സി. യും തിരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും 1993 ഓഗസ്റ്റ് 16-നു മാർ ഐറേനിയോസ്, മാർ പക്കോമിയോസ് എന്നീ പേരുകളിൽ മാത്യൂസ് ദ്വിതിയൻ ബാവാ എപ്പിസ്കോപ്പാ സ്ഥാനം നൽകി.

1995-ൽ സുപ്രീംകോടതി വിധി പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സഭാസമാധാന ചർച്ചകൾ നടക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ വിഘടിത വിഭാഗം 2002 -ലെ പരുമല അസോസിയേഷൻ ബഹിഷ്ക്കരിച്ചതോടെ വീണ്ടും മേൽപ്പട്ടസ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പിലേക്ക് സഭ കടന്നു. ഏഴ് പേരെ തിരഞ്ഞെടുക്കുവാനായി 2004 ജൂൺ 10-നു പരുമല സെമിനാരിയിൽ യോഗം കൂടി. ഏഴ് പേരുടെ പാനൽ മാനേജിംഗ് കമ്മറ്റി മുന്നോട്ട് വച്ചിരുന്നു. അവരുൾപ്പെടെ 21 പേർ മത്സരിച്ചു. ഫാ. കെ. ജെ. ഗബ്രിയേൽ, യൂഹാനോൻ റമ്പാൻ, ഫാ. എം. സി. ചെറിയാൻ, ഔഗേൻ റമ്പാൻ എന്നീ നാലു പേർക്ക് മാത്രമേ മിനിമം വോട്ട് നേടാൻ സാധിച്ചുള്ളു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്യൂസ് ദ്വിതിയൻ ബാവാ 2005 മാർച്ച് 5-നു മാർ ഗ്രീഗോറിയോസ്, മാർ ക്രിസോസ്റ്റമോസ്, മാർ തെയോഫിലോസ്, മാർ ദീവന്നാസിയോസ് എന്നീ പേരുകളിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി.

മുൻ തിരഞ്ഞെടുപ്പിലെ അനാരോഗ്യകരമായ പ്രചാരണങ്ങളെ ഒഴിവാക്കാൻ മേൽപ്പട്ടസ്ഥാനികളുടെ തിരഞ്ഞെടുപ്പിന്റെ നടപടിച്ചട്ടം 2007-ൽ പരിഷ്ക്കരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഏഴ് പേരെ തിരഞ്ഞെടുക്കാൻ 2008 സെപ്റ്റംബർ 11-നു പാമ്പാക്കുടയിൽ യോഗം ചേർന്നു. മുളന്തുരുത്തി സുന്നഹദോസിനു ശേഷം ആദ്യമായി വടക്കൻ പ്രദേശത്ത് ചേർന്ന യോഗമായിരുന്നു പാമ്പാക്കുട അസോസിയേഷൻ. ആദ്യമായി ഒരു വനിത തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായി ചുമതല വഹിച്ചു. തമിഴ്നാട് കേഡർ ഐ.എ.എസ്. ഓഫീസറായിരുന്ന ഒ. പി. ശോശാമ്മ ആയിരുന്നു വരണാധികാരി. ചരിത്രത്തിലാദ്യമായി ഏഴ് പേർ മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ജോസഫ് മാർ ദീവന്നാസിയോസ്, ഏബ്രഹാം മാർ എപ്പിപ്പാനിയോസ്, മാത്യൂസ് മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ പേരുകളിൽ ദിദിമോസ് പ്രഥമൻ ബാവാ 2009 ഫെബ്രുവരി 19-നു മേൽപ്പട്ടസ്ഥാനം നൽകി.

കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ, അടൂർ-കടമ്പനാട്, ബാംഗ്ലൂർ, അഹമ്മദാബാദ് തുടങ്ങിയ മെത്രാസനങ്ങളുടെ രൂപീകരണം അടുത്ത വർഷം തന്നെ വീണ്ടും മേൽപ്പട്ടസ്ഥാനികളുടെ തിരഞ്ഞെടുപ്പ് ആവശ്യമാക്കി. വീണ്ടും ഏഴ് പേരെ തിരഞ്ഞെടുക്കുവാൻ 2010 ഫെബ്രുവരി 17-നു ശാസ്താംകോട്ടയിൽ യോഗം കൂടി. ഈ അസോസിയേഷനു മുമ്പായും നടപടിച്ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിരുന്നു. ഏഴ് പേർ തിരഞ്ഞെടുക്കപ്പെട്ടു. മേൽപ്പട്ടസ്ഥാനത്തേക്ക് വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കൂടിയ വ്യക്തിയായി ഫാ. ജോൺ മാത്യൂസും പ്രായം കുറഞ്ഞ വ്യക്തിയായി ഫാ. വി. എം. എബ്രഹാമും തിരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും മറ്റ് അഞ്ച് പേർക്കും യൂഹാനോൻ മാർ ദിമെത്രയോസ്, യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാ മാർ നീക്കോദിമോസ്, സഖറിയാ മാർ അപ്രേം, ഗീവറുഗീസ് മാർ യൂലിയോസ്, ഏബ്രഹാം മാർ സെറാഫിം എന്നീ പേരുകളിൽ ദിദിമോസ് പ്രഥമൻ ബാവാ 2010 മേയ് 12-നു മെത്രാപ്പോലീത്താ സ്ഥാനം നൽകി.

അടുത്ത മേൽപ്പട്ടസ്ഥാന തിരഞ്ഞെടുപ്പ് പതിനൊന്ന് വർഷങ്ങൾക്ക് ശേഷമാണ് സംഭവിച്ചത്. 2021-ൽ നടപടിച്ചട്ടങ്ങൾ പരിഷ്ക്കരിച്ചു. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ സ്ഥാനമേറ്റപ്പോൾ കോട്ടയം, കുന്നംകുളം, മാവേലിക്കര, ചെങ്ങന്നൂർ, ഇടുക്കി, മലബാർ, സൗത്ത്-വെസ്റ്റ് അമേരിക്കാ തുടങ്ങിയ മെത്രാസങ്ങൾക്ക് പൂർണസമയ മെത്രാപ്പോലീത്താമാർ ഇല്ലാതിരുന്നു. അതിനാൽ ഏഴ് പേരെ തിരഞ്ഞെടുക്കുവാൻ കോലഞ്ചേരിയിൽ 2022 ഫെബ്രുവരിയിൽ അസോസിയേഷൻ യോഗം കൂടി. മാനേജിംഗ് കമ്മറ്റി നിർദേശിച്ചവരിൽ നിന്ന് ഏഴ് പേർ തിരഞ്ഞെടുക്കപ്പെട്ടു. മലങ്കരസഭയുടെ മേൽപ്പട്ടസ്ഥാന തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഏറ്റവും അധികം വോട്ട് നേടിയ സ്ഥാനാർഥിയായി ഫാ. ഏബ്രഹാം തോമസ് തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട ഏഴ് പേർക്കും മാത്യൂസ് തൃതിയൻ ബാവാ ഏബ്രഹാം മാർ സ്തേഫാനോസ്, തോമസ് മാർ ഈവാനിയോസ്, ഗീവറുഗീസ് മാർ തെയോഫിലോസ്, ഗീവറുഗീസ് മാർ പക്കോമിയോസ്, ഗീവറുഗീസ് മാർ പീലക്സിനോസ്, ഗീവറുഗീസ് മാർ ബർന്നബാസ്, സഖറിയാ മാർ സേവേറിയോസ് എന്നീ പേരുകളിൽ 2022 ജൂലൈ 28-നു മേൽപ്പട്ടസ്ഥാനം നൽകി.

വീണ്ടും ഒരു തിരഞ്ഞെടുപ്പിലേക്ക് പ. സഭ പ്രാർഥനാപൂർവ്വം കടക്കുമ്പോൾ മുൻകാല ചരിത്രം രേഖപ്പെടുത്തുക എന്നതു മാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. പൗലോസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 12-ാം അദ്ധ്യായത്തിൽ ചോദിക്കുന്നുണ്ടല്ലോ, "എല്ലാവരും അപ്പോസ്തോലൻമാരോ? എല്ലാവരും പ്രവാചകൻമാരോ? എല്ലാവരും ഉപദേഷ്ടാക്കൻമാരോ?" സഭ ഓരോ ദൗത്യം ഓരോരുത്തരെ ഏല്പിക്കുന്നു. വ്യക്തികൾക്കപ്പുറം സഭ ഏല്പിക്കുന്ന ദൗത്യത്തിനാണ് പ്രാധാന്യം. ആത്യന്തികമായി ഉയരേണ്ടത് സഭയുടെ കൊമ്പാണ്. അതിൽ നമ്മുടെ താല്പര്യങ്ങളോ ഇഷ്ടാനിഷ്ടങ്ങളോ വിഷയമല്ല, പ്രസക്തവുമല്ല. "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി"യെന്ന് യാക്കോബ് ശ്ലീഹാ പറഞ്ഞത് കേൾക്കാൻ നമുക്കും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ❑

സെമിനാരി പാരിഷ് മിഷൻ

കോട്ടയം: ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ നേതൃത്വത്തിൽ മലങ്കര സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ 5 ദേവാലയങ്ങളിൽ ഓഗസ്റ്റ് 21 മുതൽ 23 വരെ പാരിഷ് മിഷൻ നടത്തി.

സുൽത്താൻബത്തേരി ഭദ്രാസനത്തിലെ സെന്റ് മേരീസ് ഓർത്തഡോക്സ് ദൈവാലയം, മലബാർ ഭദ്രാസനത്തിലെ കരുളായി സെന്റ് ജോർജ് ഓർത്തഡോക്സ് ദൈവാലയം, മാവേലിക്കര ഭദ്രാസനത്തിലെ നോർത്ത് കരുവാറ്റ സെന്റ് ജോർജ് ദൈവാലയം, തുമ്പമൺ ഭദ്രാസനത്തിലെ മണ്ണിറ മാർ പീലക്സിനോസ് ദൈവാലയം, കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിലെ അമ്പലത്തുംകാല സെന്റ് ജോർജ് ദൈവാലയം എന്നിവിടങ്ങളിലാണ് പാരിഷ് മിഷൻ നടത്തിയത്.

ഇടവക വികാരിമാരായ ഫാ.ടിജു തോമസ്,ഫാ.ലിജു.കെ.ജോസ്, ഫാ.ലിബിൻ വറുഗീസ്,ഫാ. എബി എ.തോമസ്,ഫാ.മാത്യു ബേബി,സെമിനാരി പ്രിൻസിപ്പാൾ ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ,പാരിഷ് മിഷൻ ഡയറക്ടർ ഫാ.ബ്രിൻസ് അലക്സ് മാത്യു, സെമിനാരി അധ്യാപകരായ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത, ഫാ.ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ.ഡോ.മാത്യു വറുഗീസ്, ഫാ. ജോബ് സാം മാത്യു, സ്റ്റുഡന്റ് കോഓർഡിനേറ്റർ ഡീ.ബെന്നറ്റ് ബിജു,ശെമാശന്മാർ, വിദ്യാർത്ഥികൾ എന്നിവർ പരിഷ് മിഷന് നേതൃത്വം നൽകി.

ഇടവക ജനങ്ങൾക്ക് ആത്മീയ ഉണർവും വേദബോധനവും വിശ്വാസ പ്രബോധനവും പകരുന്ന പാരിഷ് മിഷൻ 2026 ക്രിസ്തുമസ് അവധിക്കാലത്ത് നടത്തും. അഡ്രസ്സ്: ഡയറക്ടർ, പാരിഷ് മിഷൻ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം 686001

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

തബീഥ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

അപ്പോസ്തോല പ്രവൃത്തികളിൽ പരാമർശിക്കപ്പെടുന്ന ശ്രദ്ധേയരായ സ്ത്രീകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ് തബീഥ. അപ്പോസ്തോല പ്രവൃത്തികൾ 9:3643-ൽ രേഖപ്പെടുത്തിയിരിക്കുന്ന അവളുടെ ജീവിതം, വിശ്വാസവും സ്നേഹവും സേവനവും എങ്ങനെ ഒരുമിച്ച് ചേർന്ന് ഒരു ക്രൈസ്തവജീവിതത്തെ മനോഹരമാക്കുന്നുവെന്ന് വ്യക്തമാക്കുന്നു. അരാമ്യ പേരാണ് തബീഥ എന്നത്. അതിന് 'മാൻപേട' (Gazelle) എന്നാണർഥം. സൗമ്യതയും കരുണയും ചുറുചുറുക്കും നിറഞ്ഞ അവളുടെ സ്വഭാവത്തെ ഈ പേര് അന്വർത്ഥമാക്കുന്നു.

യോപ്പ പട്ടണത്തിൽ ജീവിച്ചിരുന്ന തബീഥ യേശുക്രിസ്തുവിൽ വിശ്വസിച്ച ഒരു ശിഷ്യയായിരുന്നു. അവൾ തന്റെ വിശ്വാസം വാക്കുകളിൽ മാത്രം ഒതുക്കിയില്ല; സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവൃത്തികളിലൂടെ അത് പ്രകടമാക്കി. ദൈവത്തെ ആത്മാർത്ഥമായി സ്നേഹിച്ച അവൾ, അതോടൊപ്പം സമൂഹത്തിലെ ദരിദ്രരെയും വിധവമാരെയും നിരാലംബരെയും കരുണയോടെ ചേർത്തുപിടിച്ചു. അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വസ്ത്രങ്ങൾ തുന്നിക്കൊടുക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തുകൊണ്ട് അവൾ അനേകരുടെ ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചമായി മാറി. അതുകൊണ്ടുതന്നെ അവളുടെ ജീവിതം മറ്റുള്ളവർക്ക് വലിയ അനുഗ്രഹവും പ്രചോദനവുമായിരുന്നു.

തബീഥ മരിച്ചപ്പോൾ യോപ്പയിലെ വിശ്വാസികൾ വലിയ ദുഃഖത്തിലായി. പ്രത്യേകിച്ച് അവളുടെ സഹായം ലഭിച്ചിരുന്ന വിധവമാർ അവൾ തുന്നിക്കൊടുത്ത വസ്ത്രങ്ങൾ കാണിച്ചുകൊണ്ട് കരഞ്ഞത്, അവൾ എത്രമാത്രം സ്നേഹിക്കപ്പെട്ട വ്യക്തിയായിരുന്നുവെന്ന് വ്യക്തമാക്കുന്നു. അവൾ സമ്പാദിച്ച ഏറ്റവും വലിയ സമ്പത്ത് ധനമോ പ്രശസ്തിയോ അല്ലായിരുന്നു; മനുഷ്യരുടെ ഹൃദയങ്ങളിൽ നേടിയ സ്നേഹവും ആദരവുമായിരുന്നു. അതുകൊണ്ടാണ് അവളുടെ വേർപാട് സമൂഹത്തിന് വലിയ നഷ്ടമായി അനുഭവപ്പെട്ടത്.

ദൈവം തന്റെ ദാസനായ പത്രോസിലൂടെ തബീഥയെ വീണ്ടും ജീവനിലേക്ക് ഉയർത്തി. ഈ അദ്ഭുതം ഒരു വ്യക്തിയുടെ ഉയിർത്തെഴുന്നേൽപ്പ് മാത്രമായിരുന്നില്ല; ദൈവത്തിന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തിയ സംഭവമായിരുന്നു. ഈ വാർത്ത യോപ്പ മുഴുവൻ പരന്നപ്പോൾ അനേകർ കർത്താവിൽ വിശ്വസിക്കുകയും സഭയുടെ വളർച്ചയ്ക്ക് അത് കാരണമാവുകയും ചെയ്തു. അങ്ങനെ തബീഥയുടെ ജീവിതവും മരണാനന്തര ഉയിർപ്പും ദൈവമഹത്വത്തിന്റെ ശക്തമായ സാക്ഷ്യമായി മാറി.

സൽപ്രവൃത്തികളിലും കരുണയിലും ദാനധർമ്മത്തിലും വിശ്വാസത്തിലും ഉറച്ചുനിന്ന തബീഥയുടെ ജീവിതം ഇന്നും എല്ലാ ക്രൈസ്തവർക്കും അനുകരിക്കാവുന്ന മാതൃകയാണ്. വിശ്വാസം പ്രവർത്തിയിലൂടെ പ്രകടമാകണമെന്നും, ദൈവസ്നേഹം മനുഷ്യസേവനത്തിലൂടെ വെളിപ്പെടണമെന്നും, മറ്റുള്ളവരുടെ ജീവിതത്തിൽ അനുഗ്രഹമാകുന്ന ജീവിതമാണ് യഥാർത്ഥ ക്രിസ്തീയജീവിതമെന്നും തബീഥ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അവളുടെ ജീവിതം എല്ലാ കാലഘട്ടങ്ങളിലും പ്രസക്തമായ ഒരു ആത്മീയ മാതൃകയായി നിലകൊള്ളുന്നു.

1. സൽപ്രവൃത്തികളിൽ സമ്പന്നയായ സ്ത്രീ

തബീഥയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അവൾ സൽപ്രവൃത്തികളിൽ സമ്പന്നയായ സ്ത്രീ ആയിരുന്നു എന്നതാണ്. അപ്പോസ്തോല പ്രവൃത്തികൾ 9:36-ൽ അവളെക്കുറിച്ച്, 'അവൾ സൽപ്രവൃത്തികളും ദാനധർമ്മങ്ങളും വളരെ ചെയ്തുപോന്നവളായിരുന്നു' എന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ ഒരു വാക്യം തന്നെ തബീഥയുടെ ജീവിതത്തിന്റെ യഥാർത്ഥ മഹത്വം വെളിപ്പെടുത്തുന്നു. അവളുടെ സമ്പത്ത് ധനത്തിലോ സ്ഥാനമാനങ്ങളിലോ ആയിരുന്നില്ല; മറിച്ച് സ്നേഹത്തോടെയും കരുണയോടെയും ചെയ്ത നല്ല പ്രവൃത്തികളിലായിരുന്നു. ദൈവസന്നിധിയിൽ വിലപ്പെട്ട ജീവിതം എന്നത് സൽപ്രവൃത്തികൾകൊണ്ട് സമ്പന്നമായ ജീവിതമാണെന്ന് തബീഥയുടെ മാതൃക നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തുവിൽ വിശ്വസിച്ച തബീഥ തന്റെ വിശ്വാസം വാക്കുകളിൽ മാത്രം ഒതുക്കിയില്ല. ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറയുന്നതോടൊപ്പം ആ സ്നേഹം മറ്റുള്ളവരോടുള്ള സേവനത്തിലൂടെയും അവൾ പ്രകടമാക്കി. വിശ്വാസവും പ്രവൃത്തിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണെന്ന് അവളുടെ ജീവിതം വ്യക്തമാക്കുന്നു. യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ, 'പ്രവൃത്തികളില്ലാത്ത വിശ്വാസം നിർജ്ജീവമാണ്' (യാക്കോബ് 2:17). തബീഥയുടെ ജീവിതം ഈ വചനത്തിന്റെ ജീവിക്കുന്ന ഉദാഹരണമായിരുന്നു.

തന്നെ സമീപിക്കുന്ന ഓരോരുത്തരുടെയും ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കാൻ അവൾ എപ്പോഴും തയ്യാറായിരുന്നു. മറ്റുള്ളവരുടെ ദുഃഖം കണ്ടാൽ അവഗണിച്ചില്ല; കഴിയുന്ന വിധത്തിൽ അവരെ ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. സഹായം ചെയ്യുന്നത് ഒരു ബാധ്യതയായി അല്ല, സന്തോഷത്തോടെ ചെയ്യേണ്ട ദൈവിക ശുശ്രൂഷയായാണ് അവൾ കണ്ടത്. അതുകൊണ്ടുതന്നെ അവളുടെ ജീവിതം അനേകർക്ക് അനുഗ്രഹമായി മാറി.

തബീഥയുടെ സൽപ്രവൃത്തികൾ ആകസ്മികമായോ ഇടയ്ക്കിടെയോ ചെയ്ത ചില നല്ല കാര്യങ്ങൾ മാത്രമായിരുന്നില്ല. അവളുടെ മുഴുവൻ ജീവിതവും നന്മ ചെയ്യുന്നതിനായി സമർപ്പിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് വിശുദ്ധ ബൈബിൾ അവളെ 'സൽപ്രവൃത്തികളും ദാനധർമ്മങ്ങളും വളരെ ചെയ്തുപോന്നവൾ' എന്ന് വിശേഷിപ്പിക്കുന്നത്. നന്മ ചെയ്യുന്നത് അവളുടെ ജീവിതശൈലിയായിരുന്നു. എവിടെ ആവശ്യക്കാരെ കണ്ടാലും അവിടെ അവളുടെ സഹായഹസ്തം എത്തുമായിരുന്നു. ഇത്തരത്തിലുള്ള ജീവിതമാണ് ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടത്.

തബീഥ മറ്റുള്ളവരിൽ നിന്ന് പ്രശംസയോ അംഗീകാരമോ പ്രതിഫലമോ പ്രതീക്ഷിച്ചിരുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരുന്നു അവളുടെ ലക്ഷ്യം. അതിനാൽ അവളുടെ ഓരോ പ്രവൃത്തിയും ആത്മാർത്ഥതയോടെയും വിനയത്തോടെയും സ്നേഹത്തോടെയും നിറഞ്ഞതായിരുന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷം പകരുന്നതാണ് യഥാർത്ഥ സമ്പത്തെന്ന് അവൾ തന്റെ ജീവിതത്തിലൂടെ തെളിയിച്ചു.

ഇന്നത്തെ സമൂഹത്തിലും തബീഥയുടെ മാതൃകയ്ക്ക് വലിയ പ്രസക്തിയുണ്ട്. സ്വാർത്ഥതയും മത്സരബോധവും വർധിച്ചുവരുന്ന കാലഘട്ടത്തിൽ മറ്റുള്ളവരുടെ നന്മയ്ക്കായി ജീവിക്കുന്നവരുടെ എണ്ണം കുറയുകയാണ്. അത്തരം സാഹചര്യത്തിൽ തബീഥയുടെ ജീവിതം ഓരോ ക്രൈസ്തവനും ഒരു വെല്ലുവിളിയാണ്. ദൈവത്തിൽ വിശ്വസിക്കുന്ന ഒരാൾ പ്രാർത്ഥനയിൽ മാത്രമല്ല, സ്നേഹത്തിലും സേവനത്തിലും ദാനധർമ്മത്തിലും സൽപ്രവൃത്തികളിലും സമ്പന്നനായിരിക്കണം. അങ്ങനെ ജീവിക്കുമ്പോഴാണ് നമ്മുടെ വിശ്വാസം ലോകത്തിന് മുമ്പിൽ സാക്ഷ്യമായി മാറുന്നത്.

അതിനാൽ, തബീഥയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പ്രധാന പാഠം ഇതാണ്: യഥാർത്ഥ ക്രിസ്തീയജീവിതം സൽപ്രവൃത്തികളിലൂടെ പ്രകടമാകുന്ന ജീവിതമാണ്. ദൈവത്തെ സ്നേഹിക്കുന്ന ഓരോ വിശ്വാസിയും നന്മ ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തുകയും, മറ്റുള്ളവരുടെ ജീവിതത്തിൽ വെളിച്ചവും പ്രത്യാശയും പകരുന്നവരായി മാറുകയും വേണം. അത്തരത്തിലുള്ള ജീവിതമാണ് ദൈവത്തെ മഹത്വപ്പെടുത്തുന്നതും മനുഷ്യരെ അനുഗ്രഹിക്കുന്നതും

2. കരുണയും ദാനധർമ്മവും നിറഞ്ഞ സ്ത്രീ

തബീഥയുടെ ജീവിതത്തിലെ മറ്റൊരു പ്രധാന സവിശേഷത അവൾ കരുണയും ദാനധർമ്മവും നിറഞ്ഞ സ്ത്രീ ആയിരുന്നു എന്നതാണ്. അപ്പോസ്തോല പ്രവൃത്തികൾ 9:36-ൽ അവളെക്കുറിച്ച്, 'സൽപ്രവൃത്തികളും ദാനധർമ്മങ്ങളും വളരെ ചെയ്തു പോന്നവൾ' എന്ന് പ്രത്യേകം രേഖപ്പെടുത്തുന്നു. ഇത് അവൾ ഇടയ്ക്കിടെ സഹായം ചെയ്തിരുന്നുവെന്നല്ല, മറിച്ച് കരുണയും ദാനധർമ്മവും അവളുടെ ജീവിതത്തിന്റെ സ്ഥിരമായ സ്വഭാവമായിരുന്നു എന്നതാണ് വ്യക്തമാക്കുന്നത്. മറ്റുള്ളവരുടെ വേദന സ്വന്തം വേദനയായി കാണുകയും, അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നതെല്ലാം ചെയ്യുകയും ചെയ്ത ഒരു യഥാർത്ഥ ക്രൈസ്തവ ശിഷ്യയായിരുന്നു തബീഥ.

പ്രത്യേകിച്ച് പാവങ്ങളോടും വിധവമാരോടും അവൾക്ക് വലിയ സ്നേഹവും കരുതലുമുണ്ടായിരുന്നു. അന്നത്തെ സമൂഹത്തിൽ വിധവമാർ പലപ്പോഴും സാമ്പത്തികമായും സാമൂഹികമായും പ്രയാസങ്ങൾ അനുഭവിച്ചിരുന്നവരായിരുന്നു. അവരുടെ ജീവിതത്തിലെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ തബീഥ, അവർക്കാവശ്യമായ വസ്ത്രങ്ങൾ സ്വന്തം കൈകൊണ്ട് തുന്നിക്കൊടുത്തു. അവൾ നൽകിയ സഹായം ഒരു വസ്ത്രം മാത്രമായിരുന്നില്ല; സ്നേഹത്തിന്റെയും കരുതലിന്റെയും ആദരവിന്റെയും പ്രകടനമായിരുന്നു. അവളുടെ സേവനം നിരവധി കുടുംബങ്ങളുടെ ജീവിതത്തിൽ പ്രത്യാശയും ആശ്വാസവും പകർന്നു.

തബീഥയുടെ കരുണ വെറും വികാരത്തിൽ ഒതുങ്ങിയതായിരുന്നില്ല. മറ്റുള്ളവരുടെ ദുഃഖം കണ്ടു സഹതപിക്കുന്നതുകൊണ്ടുമാത്രമായില്ല, അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പ്രവർത്തിക്കുകയും വേണമെന്ന് അവൾ തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. സ്വന്തം കഴിവുകളും സമയവും അധ്വാനവും മറ്റുള്ളവരുടെ നന്മയ്ക്കായി അവൾ സന്തോഷത്തോടെ ഉപയോഗിച്ചു. അതുകൊണ്ടുതന്നെ അവളുടെ ജീവിതം യേശുക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെ പ്രായോഗിക മാതൃകയായി മാറി.

തബീഥ സഹായം ചെയ്തപ്പോൾ സമ്പന്നനെയും ദരിദ്രനെയും വേർതിരിച്ചില്ല. ആവശ്യത്തിലായിരുന്നവരെ അവൾ ഒരുപോലെ കരുതുകയും അവരുടെ കണ്ണീർ തുടയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. പ്രതിഫലമോ പ്രശംസയോ പ്രതീക്ഷിക്കാതെ ചെയ്ത അവളുടെ സേവനം ദൈവസ്നേഹത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. യഥാർത്ഥ ദാനധർമ്മം മനുഷ്യരുടെ പ്രശംസ നേടാനല്ല, ദൈവത്തെ മഹത്വപ്പെടുത്താനാണെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

തബീഥ മരിച്ചപ്പോൾ വിധവമാർ പത്രോസിന്റെ അടുക്കൽ കരഞ്ഞുകൊണ്ട് എത്തിയ സംഭവം അവളുടെ കരുണയുടെ ആഴം വെളിപ്പെടുത്തുന്നു. അവർ തബീഥ തുന്നിക്കൊടുത്ത വസ്ത്രങ്ങൾ കാണിച്ചുകൊണ്ട് ദുഃഖിച്ചത്, അവളുടെ സേവനം അവരുടെ ജീവിതത്തിൽ എത്രമാത്രം വിലപ്പെട്ടതായിരുന്നുവെന്ന് തെളിയിക്കുന്നു. അവൾ അവർക്കു നൽകിയിരുന്നത് വസ്ത്രങ്ങൾ മാത്രമല്ല, സ്നേഹവും സുരക്ഷിതത്വവും ആത്മവിശ്വാസവുമായിരുന്നു. അതുകൊണ്ടാണ് അവളുടെ വേർപാട് അവർക്ക് വലിയ നഷ്ടമായി അനുഭവപ്പെട്ടത്.

യേശുക്രിസ്തു തന്റെ ശുശ്രൂഷാകാലത്ത് രോഗികളെയും ദരിദ്രരെയും നിരാലംബരെയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു. ആ മാതൃക തന്നെയാണ് തബീഥയും പിന്തുടർന്നത്. അതുകൊണ്ട് അവളുടെ ജീവിതം ക്രിസ്തുവിന്റെ കരുണയുടെ പ്രതിഫലനമായി മാറി. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരാളുടെ ജീവിതത്തിൽ കരുണയും ദാനധർമ്മവും അനിവാര്യമായ ഗുണങ്ങളാണെന്ന് അവൾ വ്യക്തമായി കാണിച്ചുതരുന്നു.

ഇന്നത്തെ ലോകത്തും തബീഥയുടെ മാതൃകയ്ക്ക് വലിയ പ്രസക്തിയുണ്ട്. സമൂഹത്തിൽ ഇന്നും ദരിദ്രരും രോഗികളും ഏകാകികളും വിധവമാരും സഹായം ആവശ്യമായ നിരവധി ആളുകളും ജീവിക്കുന്നു. അവരെ കണ്ടില്ലെന്ന് നടിക്കാതെ, നമ്മുടെ കഴിവിനും സാഹചര്യത്തിനും അനുസരിച്ച് സഹായഹസ്തം നീട്ടാൻ തബീഥയുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു. പണമോ വലിയ സമ്പത്തോ ഉള്ളവർക്ക് മാത്രമല്ല, സ്നേഹമുള്ള ഹൃദയമുള്ള ഓരോ വ്യക്തിക്കും കരുണയുടെ ശുശ്രൂഷ ചെയ്യാൻ കഴിയും എന്ന സത്യം അവളുടെ ജീവിതം പഠിപ്പിക്കുന്നു.

യഥാർത്ഥ ക്രൈസ്തവസ്നേഹം വാക്കുകളിലല്ല, കരുണയും ദാനധർമ്മവും നിറഞ്ഞ സേവനജീവിതത്തിലൂടെയാണ് പ്രകടമാകുന്നത് എന്നതാണ് തബീഥയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്ന വലിയ പാഠം. മറ്റുള്ളവരുടെ കണ്ണീർ തുടയ്ക്കാനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനും തയ്യാറാകുന്ന ജീവിതമാണ് ദൈവത്തിന് പ്രസാദകരമായ ജീവിതം. തബീഥയെപ്പോലെ സ്നേഹത്തിലും കരുണയിലും സമ്പന്നരാകുമ്പോൾ നമ്മുടെ ജീവിതവും അനേകർക്ക് അനുഗ്രഹവും ദൈവമഹത്വത്തിനുള്ള സാക്ഷ്യവുമായി മാറും.

3. എല്ലാവർക്കും പ്രിയപ്പെട്ട സ്ത്രീ

തബീഥയുടെ ജീവിതത്തിലെ മറ്റൊരു പ്രധാന സവിശേഷത അവൾ എല്ലാവർക്കും പ്രിയപ്പെട്ട സ്ത്രീ ആയിരുന്നു എന്നതാണ്. ഒരാൾ എത്ര സമ്പത്തോ കഴിവുകളോ നേടിയാലും, മനുഷ്യരുടെ ഹൃദയങ്ങളിൽ സ്ഥാനം നേടുന്നത് സ്നേഹവും കരുണയും വിനയവും നിറഞ്ഞ ജീവിതത്തിലൂടെയാണ്. തബീഥ അത്തരമൊരു ജീവിതം നയിച്ച വ്യക്തിയായിരുന്നു. അതുകൊണ്ടുതന്നെ അവൾ ജീവിച്ചിരുന്ന യോപ്പ പട്ടണത്തിലെ വിശ്വാസികൾക്കും പ്രത്യേകിച്ച് വിധവമാർക്കും അവൾ വളരെ പ്രിയപ്പെട്ടവളായിരുന്നു.

പത്രോസ് എത്തിയപ്പോൾ എല്ലാ വിധവമാരും അവന്റെ ചുറ്റും നിന്നുകൊണ്ട് കരയുകയും, തബീഥ ജീവനോടെയിരുന്നപ്പോൾ തുന്നിക്കൊടുത്ത ഉടുപ്പുകളും മേലങ്കികളും കാണിച്ചുകൊടുക്കുകയും ചെയ്തു. ഈ രംഗം തബീഥയുടെ സേവനത്തിന്റെ മഹത്വം മാത്രമല്ല, അവൾ ജനങ്ങളുടെ ഹൃദയങ്ങളിൽ നേടിയിരുന്ന സ്നേഹത്തിന്റെയും ആദരവിന്റെയും ആഴവും വെളിപ്പെടുത്തുന്നു. അവൾ ചെയ്ത നന്മകൾ ആളുകൾ ഒരിക്കലും മറന്നിരുന്നില്ല.

വിധവമാർ അവൾ തുന്നിക്കൊടുത്ത വസ്ത്രങ്ങൾ കാണിച്ചതിന് പിന്നിൽ വലിയൊരു സന്ദേശമുണ്ട്. ആ വസ്ത്രങ്ങൾ വെറും വസ്ത്രങ്ങളായിരുന്നില്ല; അവളുടെ സ്നേഹത്തിന്റെയും കരുണയുടെയും ത്യാഗത്തിന്റെയും ഓർമ്മകളായിരുന്നു. ഓരോ തുന്നലിലും മറ്റുള്ളവരോടുള്ള അവളുടെ കരുതലും ആത്മാർത്ഥതയും പ്രകടമായിരുന്നു. അതുകൊണ്ടാണ് തബീഥയുടെ വേർപാട് അവർക്കു സഹിക്കാനാവാത്ത നഷ്ടമായി തോന്നിയത്. ഒരു നല്ല മനുഷ്യന്റെ ജീവിതം അവസാനിച്ചാലും, അവൻ ചെയ്ത നന്മകൾ അനേകരുടെ ജീവിതത്തിൽ ജീവിച്ചുകൊണ്ടിരിക്കും എന്ന സത്യം ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

തബീഥ ആരുടെയും പ്രശംസ നേടാൻ വേണ്ടിയല്ല സേവനം ചെയ്തത്. അവൾ വിനയത്തോടെയും ആത്മാർത്ഥതയോടെയും മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുകയായിരുന്നു. അവളുടെ നല്ല സ്വഭാവവും സൗമ്യമായ പെരുമാറ്റവും സഹായ മനോഭാവവും അവളെ എല്ലാവർക്കും പ്രിയപ്പെട്ടവളാക്കി. അധികാരമോ സമ്പത്തോ അല്ല, നല്ല സ്വഭാവവും സ്നേഹപൂർണമായ ഇടപെടലുമാണ് ഒരു മനുഷ്യനെ സമൂഹത്തിൽ വിലപ്പെട്ടവനാക്കുന്നതെന്ന് തബീഥയുടെ ജീവിതം വ്യക്തമാക്കുന്നു.

തബീഥയുടെ ജീവിതം സഭയിലെ വിശ്വാസികൾ തമ്മിലുള്ള സ്നേഹ ബന്ധവും ഐക്യവും ശക്തിപ്പെടുത്തി. അവളുടെ സാന്നിധ്യം മറ്റുള്ളവർക്ക് സന്തോഷവും ആശ്വാസവും നൽകി. അവൾ ഉണ്ടായിരുന്നിടത്ത് ആരും ഒറ്റപ്പെട്ടവരായിരുന്നില്ല. അവളുടെ കരുതലും പ്രോത്സാഹനവും പലർക്കും പുതിയ പ്രത്യാശ നൽകി. അതുകൊണ്ടാണ് അവൾ മരിച്ചപ്പോൾ സമൂഹം മുഴുവൻ ദുഃഖത്തിലായത്. അവളുടെ അഭാവം ഒരു വ്യക്തിയുടെ നഷ്ടം മാത്ര മായിരുന്നില്ല; സ്നേഹത്തിന്റെയും സേവനത്തിന്റെയും ഒരു വലിയ ഉറവിട ത്തിന്റെ നഷ്ടമായിരുന്നു.

ഇന്നത്തെ ലോകത്തും മനുഷ്യർ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് സ്നേഹത്തോടെയും കരുതലോടെയും പെരുമാറുന്ന വ്യക്തികളെയാണ്. പദ വിയും പ്രശസ്തിയും സമ്പത്തും കാലക്രമേണ നഷ്ടപ്പെട്ടേക്കാം; എന്നാൽ സ്നേഹത്തോടെ ചെയ്ത നന്മകൾ എന്നും മനുഷ്യരുടെ ഓർമ്മയിൽ നില നിൽക്കും. തബീഥയുടെ ജീവിതം ഈ സത്യം വ്യക്തമായി പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷവും ആശ്വാസവും പ്രത്യാശയും പകരുന്നവർ മരിച്ച ശേഷവും അവരുടെ നല്ല പ്രവൃത്തികളിലൂടെ ജീവിച്ചു കൊണ്ടിരിക്കും.

അതിനാൽ തബീഥയുടെ ജീവിതം നമ്മെ ഒരു വലിയ പാഠം പഠിപ്പിക്കുന്നു. സ്നേഹത്തോടെയും വിനയത്തോടെയും സേവനമനോഭാവത്തോടെയും ജീവിക്കുന്നവർ ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രിയപ്പെട്ടവരായി രിക്കും. മറ്റുള്ളവരുടെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തുന്നവരാണ് യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ടവർ. നമ്മുടെ ജീവിതവും തബീഥയെ പ്പോലെ സ്നേഹവും കരുണയും നിറഞ്ഞതായിരിക്കുമ്പോൾ, നാമും സമൂഹ ത്തിൽ നല്ല ഓർമ്മകൾ അവശേഷിപ്പിക്കുന്നവരായും ദൈവമഹത്വത്തിന് സാക്ഷികളായും മാറും.

4. ദൈവമഹത്വത്തിന് കാരണമായ സ്ത്രീ

തബീഥയുടെ ജീവിതത്തിലെ ഏറ്റവും മഹത്തായ സവിശേഷതകളിലൊ ന്നാണ് അവൾ ദൈവമഹത്വത്തിന് കാരണമായ സ്ത്രീ ആയിരുന്നു എന്നത്. അവൾ ജീവിച്ചിരുന്ന കാലമൊട്ടാകെ സൽപ്രവൃത്തികളും കരുണയും ദാനധർ മ്മവും നിറഞ്ഞ ജീവിതമാണ് നയിച്ചത്. എന്നാൽ അവളുടെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ നടന്ന അത്ഭുതം അവളുടെ പേരിനെ ആദ്യകാല സഭ യുടെ ചരിത്രത്തിൽ എന്നും ഓർമിക്കപ്പെടുന്ന ഒന്നാക്കി മാറ്റി. അപ്പോസ്തോല നായ പത്രോസിലൂടെ ദൈവം അവളെ വീണ്ടും ജീവനിലേക്ക് ഉയർത്തിയ പ്പോൾ, അത് ഒരു വ്യക്തിയുടെ ജീവൻ തിരിച്ചുകിട്ടിയ സംഭവം മാത്രമായിരു ന്നില്ല; ദൈവത്തിന്റെ സർവശക്തിയും മഹത്വവും ലോകത്തിന് വെളിപ്പെടുത്ത പ്പെട്ട സംഭവമായിരുന്നു.

തബീഥ രോഗബാധിതയായി മരിച്ചപ്പോൾ യോപ്പയിലെ വിശ്വാസികൾ വലിയ ദുഃഖത്തിലായി. പത്രോസ് സമീപപ്രദേശത്തുണ്ടെന്ന് അറിഞ്ഞ അവർ ഉടൻ അദ്ദേഹത്തെ വിളിച്ചുവരുത്തി. പത്രോസ് വീട്ടിലെത്തിയപ്പോൾ എല്ലാവരെയും പുറത്തേക്കയച്ച് മുട്ടുകുത്തി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. തുടർന്ന് അവൻ, 'തബീഥായേ, എഴുന്നേൽക്ക' എന്ന് പറഞ്ഞു. അവൾ കണ്ണുതുറന്ന് പത്രോ സിനെ കണ്ട് എഴുന്നേറ്റ് ഇരുന്നു (അപ്പോസ്തോല പ്രവൃത്തികൾ 9:40). ഈ അത്ഭുതം മനുഷ്യശക്തിയാൽ സംഭവിച്ചതല്ല; പ്രാർത്ഥനയ്ക്ക് ഉത്തരം നൽ കിയ ദൈവത്തിന്റെ അദ്ഭുതപ്രവൃത്തിയായിരുന്നു.

ഈ സംഭവം യോപ്പ പട്ടണം മുഴുവൻ വേഗത്തിൽ പരന്നു. മരിച്ച ഒരാൾ വീണ്ടും ജീവനിലേക്ക് വന്നുവെന്ന വാർത്ത കേട്ട് ജനങ്ങൾ അദ്ഭുതപ്പെട്ടു. എന്നാൽ ഈ അദ്ഭുതത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം തബീഥയെ ജീവിപ്പി ക്കുക മാത്രമായിരുന്നില്ല. അപ്പോസ്തോല പ്രവൃത്തികൾ 9:42 പറയുന്നതു പോലെ, 'അത് യോപ്പയിൽ ഒക്കെയും പ്രസിദ്ധമായി; അനേകർ കർത്താവിൽ വിശ്വസിച്ചു.' അങ്ങനെ തബീഥയുടെ ഉയിർപ്പ് അനേകരെ യേശുക്രിസ്തുവിൽ വിശ്വസിക്കാൻ പ്രേരിപ്പിച്ച ശക്തമായ സാക്ഷ്യമായി മാറി. ഒരു വ്യക്തിയുടെ ജീവിതം എങ്ങനെ അനേകരുടെ രക്ഷയ്ക്ക് കാരണമാകുമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

തബീഥയുടെ ജീവിതവും മരണാനന്തര ഉയിർപ്പും ഒരുമിച്ച് നോക്കുമ്പോൾ ഒരു വലിയ ആത്മീയസത്യം മനസ്സിലാക്കാൻ കഴിയും. അവൾ ജീവിച്ചിരിക്കു മ്പോൾ സ്നേഹത്തിലൂടെയും സേവനത്തിലൂടെയും ദൈവത്തെ മഹത്വപ്പെ

ടുത്തി. മരിച്ചശേഷം ദൈവം അവളെ ഉയിർപ്പിച്ചതിലൂടെയും തന്റെ മഹത്വം വെളിപ്പെടുത്തി. അതായത്, അവളുടെ ജീവിതത്തിന്റെ തുടക്കവും അവസാ നവും ദൈവമഹത്വത്തിനുവേണ്ടിയായിരുന്നു

തബീഥയുടെ ഉയിർപ്പ് ആദ്യകാല സഭയുടെ വിശ്വാസത്തെ കൂടുതൽ ശക്തി പ്പെടുത്തി. വിശ്വാസികൾ ദൈവത്തിന്റെ ശക്തിയിൽ കൂടുതൽ ആശ്രയിച്ചു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ കർത്താവാണെന്നും, അവന്റെ നാമത്തിൽ പ്രവർത്തിക്കുന്ന ശക്തി ഇന്നും ജീവിക്കുന്നുവെന്നും ഈ അത്ഭുതം തെളി യിച്ചു. അതുകൊണ്ട് ഇത് സഭയുടെ വിശ്വാസത്തെ ഉറപ്പിച്ച ആത്മീയ സംഭവ മാണ്.

ഇന്നത്തെ കാലഘട്ടത്തിലും തബീഥയുടെ ജീവിതം നമുക്ക് വലിയ പ്രചോദ നമാണ്. എല്ലാവർക്കും അത്ഭുതങ്ങൾ ചെയ്യാൻ കഴിയണമെന്നില്ല. എന്നാൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവിതം നയിക്കാൻ ഓരോ വിശ്വാസിക്കും കഴിയും. സത്യസന്ധത, സ്നേഹം, കരുണ, ദാനധർമ്മം, വിശുദ്ധി, വിനയം എന്നിവയിൽ ജീവിക്കുന്ന ജീവിതം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർ ഷിക്കുന്ന ശക്തമായ സാക്ഷ്യമാണ്. നമ്മുടെ വാക്കുകളേക്കാൾ നമ്മുടെ ജീവിതമാണ് പലപ്പോഴും മറ്റുള്ളവരെ ദൈവത്തിലേക്ക് നയിക്കുന്നത്.

ദൈവത്തിനായി ജീവിക്കുന്ന ഒരു ജീവിതം ഒരിക്കലും വ്യക്തിപരമായി മാത്രം ഒതുങ്ങുന്നില്ല; അത് അനേകരുടെ വിശ്വാസത്തിനും ദൈവമഹത്വ ത്തിനും കാരണമാകുന്നു. ദൈവത്തിന്റെ സ്നേഹം പ്രവൃത്തികളിലൂടെ പ്രകട മാക്കുന്നവരെ ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നു. അതുകൊണ്ട് ഓരോ ക്രൈസ്തവനും തബീഥയെപ്പോലെ വിശ്വാസത്തിലും സേവനത്തിലും ഉറച്ചുനിന്ന് ജീവിക്കണം. അത്തരം ജീവിതമാണ് ദൈവത്തെ മഹത്വപ്പെടുത്തു ന്നതും സമൂഹത്തിന് അനുഗ്രഹമാകുന്നതും അനേകരെ ക്രിസ്തുവിലേക്കു നയിക്കുന്നതും എന്നതാണ് തബീഥയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം.

തബീഥയുടെ ജീവിതം ആദ്യകാല സഭയുടെ ചരിത്രത്തിൽ മാത്രമല്ല, എല്ലാ കാലഘട്ടങ്ങളിലുമുള്ള ക്രൈസ്തവ വിശ്വാസികൾക്ക് അനുകരിക്കാവുന്ന ഒരു മഹത്തായ മാതൃകയാണ്. അവൾ വലിയ പ്രസംഗങ്ങൾ നടത്തിയ വ്യക്തിയായിരുന്നില്ല, സഭയിലെ ഉയർന്ന സ്ഥാനങ്ങൾ വഹിച്ചിരുന്നവളുമല്ല. എന്നാൽ സ്നേഹവും കരുണയും സേവനവും നിറഞ്ഞ ജീവിതത്തിലൂടെ അവൾ ദൈവത്തിന്റെ ഹൃദയത്തിലും മനുഷ്യരുടെ ഹൃദയത്തിലും സ്ഥാനം നേടി. ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും ആ സ്നേഹം മനുഷ്യസേവനത്തിലൂടെ പ്രകടമാക്കുകയും ചെയ്ത ജീവിതമായിരുന്നു തബീഥയുടേത്. അതുകൊണ്ടു തന്നെ അവളുടെ ജീവിതം ഇന്നും വിശ്വാസികൾക്ക് പ്രചോദനവും വെല്ലുവിളിയുമായി നിലകൊള്ളുന്നു.

തബീഥയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ആദ്യത്തെ പാഠം, യഥാർത്ഥ വിശ്വാസം സൽപ്രവൃത്തികളിലൂടെ പ്രകടമാകണം എന്നതാണ്. പ്രാർത്ഥനയും ആരാധനയും ബൈബിൾ പഠനവും ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനങ്ങളാണെങ്കിലും, അവ മറ്റുള്ളവരോടുള്ള സ്നേഹത്തിലും കരുണയിലും സേവനത്തിലും പ്രതിഫലിക്കുമ്പോഴാണ് അവയ്ക്ക് പൂർണത ലഭിക്കുന്നത്. തബീഥ തന്റെ ജീവിതംകൊണ്ട് ഈ സത്യം തെളിയിച്ചു. അവളുടെ വിശ്വാസം വെറും വാക്കുകളായിരുന്നില്ല; ആവശ്യക്കാരുടെ കണ്ണീർ തുടച്ചും അവരുടെ ആവശ്യങ്ങൾ നിറവേറ്റിയും ജീവിച്ച വിശ്വാസമായിരുന്നു.

രണ്ടാമതായി, കരുണയും ദാനധർമ്മവും ഒരു ക്രൈസ്തവന്റെ അനിവാര്യ ഗുണങ്ങളാണെന്ന് തബീഥയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദരിദ്രരെയും വിധവമാരെയും അവൾ സ്നേഹിച്ചു, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിച്ചു. സമൂഹത്തിൽ അവഗണിക്കപ്പെട്ടവർക്കും നിരാശരായവർക്കും അവൾ പ്രത്യാശയുടെ കൈത്താങ്ങായി. ഇന്നും നമ്മുടെ ചുറ്റുമുള്ള ആവശ്യക്കാരെ കാണുവാനും, കഴിയുന്ന സഹായങ്ങൾ ചെയ്യുവാനും, മറ്റുള്ളവരുടെ ജീവിതത്തിൽ അനുഗ്രഹമാകുവാനും തബീഥയുടെ ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു.

മൂന്നാമതായി, സ്നേഹത്തോടെയും വിനയത്തോടെയും ജീവിക്കുന്നവർ എന്നും മറ്റുള്ളവരുടെ ഹൃദയങ്ങളിൽ ജീവിക്കുമെന്ന് തബീഥയുടെ ജീവിതം തെളിയിക്കുന്നു. അവൾ മരിച്ചപ്പോൾ വിധവമാർ കണ്ണീരോടെ അവളെ ഓർത്തതും, അവൾ തുന്നിക്കൊടുത്ത വസ്ത്രങ്ങൾ കാണിച്ചുകൊണ്ട് വിലപിച്ചതും അവൾ ജനങ്ങളുടെ ഹൃദയങ്ങളിൽ നേടിയ സ്നേഹത്തിന്റെയും ആദരവിന്റെയും തെളിവായിരുന്നു. പദവിയും സമ്പത്തും കാലക്രമേണ ഇല്ലാതാകാം; എന്നാൽ സ്നേഹത്തോടെ ചെയ്ത നന്മകൾ ഒരിക്കലും മാഞ്ഞുപോകില്ല. മനുഷ്യരുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന ജീവിതമാണ് യഥാർത്ഥത്തിൽ വിജയകരമായ ജീവിതമെന്ന് തബീഥ നമ്മെ പഠിപ്പിക്കുന്നു.

നാലാമതായി, ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം ദൈവമഹത്വത്തിന് കാരണമാകുന്നു എന്നതാണ് തബീഥയുടെ ജീവിതം നൽകുന്ന ഏറ്റവും വലിയ സന്ദേശം. അവൾ ജീവിച്ചപ്പോൾ സൽപ്രവൃത്തികളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി; മരിച്ചശേഷം ദൈവം അവളെ ഉയിർപ്പിച്ചതിലൂടെ തന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തി. അതിന്റെ ഫലമായി അനേകർ കർത്താവിൽ വിശ്വസിച്ചു. ഒരു വിശ്വാസിയുടെ ജീവിതം ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കപ്പെടുമ്പോൾ അത് അനേകരുടെ അനുഗ്രഹത്തിനും വിശ്വാസവളർച്ചയ്ക്കും കാരണമാകുമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ ലോകത്ത് സ്വാർത്ഥതയും മത്സരബോധവും വ്യക്തിപരമായ നേട്ടങ്ങളോടുള്ള അമിതമായ ആഗ്രഹവും വർധിച്ചുവരുമ്പോൾ, തബീഥയുടെ ജീവിതം നമുക്ക് ഒരു പുതിയ ജീവിതദർശനം നൽകുന്നു. മറ്റുള്ളവരെ സ്നേഹിക്കുക, ആവശ്യക്കാരെ സഹായിക്കുക, നമ്മുടെ കഴിവുകളും സമയവും ദൈവതിരുനാമമഹത്വത്തിനും സമൂഹത്തിന്റെ വളർച്ചയ്ക്കും വേണ്ടി ഉപയോഗിക്കുക, എന്നതാണ് ഒരു യഥാർത്ഥ ക്രൈസ്തവന്റെ ജീവിതലക്ഷ്യമാകേണ്ടത്. അത്തരം ജീവിതമാണ് ലോകത്തിന് മുമ്പിൽ യേശുക്രിസ്തുവിനെ സാക്ഷിക്കുന്നത്.

അതിനാൽ, തബീഥയുടെ ജീവിതം നമ്മെ ഒരു വ്യക്തമായ ആത്മീയ സന്ദേശത്തിലേക്ക് നയിക്കുന്നു. വിശ്വാസം, സ്നേഹം, കരുണ, ദാനധർമ്മം, വിനയം, സേവനം, ദൈവസമർപ്പണം എന്നീ ഗുണങ്ങൾ നിറഞ്ഞ ജീവിതമാണ് യഥാർത്ഥ ക്രൈസ്തവജീവിതം. തബീഥയെപ്പോലെ ദൈവത്തെ സ്നേഹിക്കുകയും മനുഷ്യരെ സേവിക്കുകയും ചെയ്യുന്ന ഓരോ വിശ്വാസിയും ദൈവത്തിന്റെ മഹത്വത്തിന് ഉപകരണമായി മാറും. അത്തരം ജീവിതം സമൂഹത്തിന് അനുഗ്രഹവും സഭയ്ക്ക് മാതൃകയും ദൈവതിരുനാമത്തിന് മഹത്വവും നൽകുന്ന ജീവിതമായിരിക്കും.

❑

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പുതുപ്പള്ളി പാറേട്ട് മാർ ഇവാനിയോസ് ആശുപത്രിയിൽ പുതിയതായി സജ്ജീകരിച്ച ആധുനിക സി.റ്റി. സ്കാൻ മെഷീന്റെ ഉദ്ഘാടനവും നവീകരിച്ച രോഗീമുറികളുടെ സമർപ്പണവും ഓഗസ്റ്റ് 25-ന് നടന്നു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ച ചടങ്ങ് കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ഇതോടനുബന്ധിച്ച് 18 പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കുള്ള ഓക്സിജൻ കോൺസെൻട്രേറ്ററുകളുടെ വിതരണവും കോട്ടയം സെന്റ് ഗ്രിഗോറിയോസ് കാരുണ്യ നിലയത്തിന്റെ സഹകരണത്തോടെ നൽകുന്ന മൂന്ന് ഡയാലിസിസ് മെഷീനുകളുടെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വെട്ടിക്കൽ സെന്റ് ഗ്രീഗോറിയോസ് നഗറിൽ പരിശുദ്ധ കാതോലിക്കാ ബാവാ കൊടിയേറ്റുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പി.എച്ച്. കുര്യൻ അന്തരിച്ചു

തിരുവനന്തപുരം; കേരളത്തിലെ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ കോട്ടയം സൗത്ത് പാമ്പാടി പുല്ലുക്കോട്ടയിൽ പി. എച്ച്. കുര്യൻ (67) അന്തരിച്ചു.

കേരളത്തിലെ ഭരണനിർവ്വഹണ ചരിത്രത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു പേരാണ് പി. എച്ച്. കുര്യന്റേത്. നേരിട്ട തിരിച്ചടികളിലും അഭിമുഖീകരിക്കേണ്ടി വന്ന വമ്പൻ വിവാദങ്ങളിലും തരിമ്പും തളരാതെ, ശരിയുടെ പക്ഷത്ത് ഉറച്ചുനിന്ന് തീരുമാനങ്ങളെടുക്കാൻ ധീരത കാട്ടിയ ഐഎഎസ് ഉദ്യോഗസ്ഥൻ. ഭരണതലത്തിലെ ഏത് കടുപ്പമേറിയ പ്രതിസന്ധികളെയും അനുഭവ കരുത്ത് കൊണ്ട് മറികടന്ന അദ്ദേഹത്തിന് പകരം വെക്കാൻ മറ്റൊരു ഉദ്യോഗസ്ഥനില്ലെന്ന് അടിവരയിടുന്നതായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം.

1986 കേരള കേഡർ ഐ.എ.എസ് ഉദ്യോഗസ്ഥനായ അദ്ദേഹം, ഭരണരംഗത്ത് നിരവധി സുപ്രധാന പദവികൾ അലങ്കരിച്ചിട്ടുണ്ട്. ഔദ്യോഗിക ജീവിതത്തിൽ റവന്യൂ, വ്യവസായം, ഐ.ടി വകുപ്പുകളിൽ പ്രിൻസിപ്പൽ സെക്രട്ടറിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ, ഒഡീഷ സർക്കാരിലും വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ കോട്ടയം ജില്ലാ കളക്ടറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിൽ പേറ്റന്റ്സ്, ട്രേഡ്മാർക്സ് ആൻഡ് ഡിസൈൻസ് കൺട്രോളർ ജനറലായും (Controller-General of Patents, Trademarks and Designs) അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മികച്ച ഭരണാധികാരിയെന്ന നിലയിലും ഐ.ടി., വ്യവസായ രംഗങ്ങളിലെ നയരൂപീകരണങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ ഏറെ ശ്രദ്ധേയമാണ്.

ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷവും അദ്ദേഹത്തിന്റെ സേവനം സംസ്ഥാനത്തിന് അത്യന്താപേക്ഷിതമായിരുന്നു. തുടർന്ന് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ തലപ്പത്തേക്ക് അദ്ദേഹം നിയമിതനായി. സാധാരണക്കാരായ വീട് നിർമ്മാതാക്കളെയും വസ്തു വാങ്ങുന്നവരെയും വഞ്ചിക്കുന്ന തട്ടിപ്പുകാർക്കെതിരെ കടുത്ത നിലപാടുകളാണ് റെറ ചെയർമാൻ എന്ന നിലയിൽ പി.എച്ച്. കുര്യൻ സ്വീകരിച്ചത്.

റിയൽ എസ്റ്റേറ്റ് മേഖലയിലെ അഴിമതികളും ക്രമക്കേടുകളും തുടച്ചുനീക്കി ആ മേഖലയെ പൂർണ്ണമായും ശുദ്ധീകരിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ബിൽഡർമാരുടെയും ഏജന്റുമാരുടെയും സുതാര്യത ഉറപ്പാക്കുകയും ഉപഭോക്താക്കളുടെ പരാതികളിൽ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്തുകൊണ്ട് റെറയെ ജനങ്ങൾക്ക് വിശ്വാസമുള്ള സ്ഥാപനമാക്കി അദ്ദേഹം മാറ്റി. തനിക്ക് മുന്നിലെത്തുന്ന ഫയലുകളിൽ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കോ സ്വാധീനങ്ങൾക്കോ വഴങ്ങാതെ, നിയമവും നീതിയും മാത്രം നോക്കി തീരുമാനമെടുത്തിരുന്ന പി.എച്ച്. കുര്യൻ കേരള കേഡറിലെ അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒന്നാണ്. വലിയ പ്രതിസന്ധികളെയും വിവാദങ്ങളെയും സ്വന്തം അനുഭവ കരുത്തും ധീരതയും കൊണ്ട് നേരിട്ട് വിജയം കണ്ട പി.എച്ച്. കുര്യന് ഭരണ രംഗത്ത് പകരം വെക്കാൻ മറ്റൊരാളില്ല എന്ന് തന്നെയാണ് അദ്ദേഹത്തിന്റെ തിളക്കമാർന്ന കരിയർ അടിവരയിടുന്നത്.

കാൻസർ രോഗബാധിതനായി ചികിത്സയിലായിരുന്നു. മൃതദേഹം വെള്ളിയാഴ്ച്ച (28-08-26) രാവിലെ 8-നു തിരുവനന്തപുരം മുട്ടടയിലുള്ള വസതിയിൽ കൊണ്ടുവരും. ഉച്ച വരെ തിരുവനന്തപുരത്തെ വസതിയിൽ മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് സൗത്ത് പാമ്പാടിയിലെ പുല്ലുകോട്ടയിൽ വീട്ടിൽ കൊണ്ടുവരും. സംസ്കാരം ശനിയാഴ്ച രാവിലെ സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടക്കും.

ലക്ഷക്കണക്കിന് കാൻസർ രോഗികളുടെ ജീവിതം മാറ്റിമറിച്ച ഒരു ഒപ്പ്..!

ജോളി ജോസഫ്

2009 മുതൽ 2012 വരെ ഇന്ത്യയിലെ പേറ്റന്റ്, ഡിസൈൻ, ട്രേഡ് മാർക്ക് കൺട്രോളർ ജനറൽ ആയിരുന്നു പി. എച്ച്. കുര്യൻ ഐ.എ.എസ്. എന്ന കോട്ടയം പാമ്പാടി ദേശ കർഷകൻ. ആ പദവിയിൽ സേവനമനുഷ്ഠിച്ച ഇന്ത്യയിലെ ബൗദ്ധിക സ്വത്തവകാശ ഭരണവിഭാഗത്തിന് നേതൃത്വം നൽകിയ ആദ്യത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്നു കുര്യൻ സർ. ധീരതയോടെ അദ്ദേഹം ഒപ്പിട്ട ഒരു ഉത്തരവ് പിന്നീട് ചരിത്രത്തിന്റെ ഭാഗമായി മാറി. ഐ.എ.എസ്. പദവിയിലും എന്നെപ്പോലെ ജീവിതം വഴിമുട്ടിയ അനേകരുടെയും കാവലാളായിരുന്ന ജേഷ്ഠ സഹോദരനായിരുന്ന സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു എന്റെ കുര്യൻ സർ.

ജർമൻ കമ്പനിയായ Bayer-sâ Nexavar എന്ന കാൻസർ മരുന്നിന് ഒരു മാസത്തെ ചികിത്സയ്ക്ക് വേണ്ടി വന്നിരുന്നത് 2.8 ലക്ഷം രൂപയോളം ആയിരുന്നു. സാധാരണക്കാരനെ സംബന്ധിച്ച്, അത് കുടുംബം കുളം തോണ്ടുന്ന, ജീവിതം തന്നെ അപ്രാപ്യമാക്കുന്ന ഒരു തുകയായിരുന്നു . എത്രയോ കുടുംബങ്ങൾ, മരുന്ന് വാങ്ങാൻ കഴിയാതെ, കണ്ണീരോടെ തങ്ങളുടെ പ്രിയപ്പെട്ടവരെ കൈവിട്ടു പോകുന്നത് നിസ്സഹായരായി നോക്കിനിന്നിട്ടുണ്ടാവും. ഈ അനീതിക്കെതിരെ കുര്യൻ സർ സധൈര്യം ഒരു തീരുമാനമെടുത്തു. ഇന്ത്യൻ പേറ്റന്റ് നിയമത്തിലെ Compulsory Licensing (നിർബന്ധിത അനുമതി) വകുപ്പ് ഉപയോഗിച്ച്, ഇന്ത്യൻ കമ്പനിയായ Natcoയ്ക്ക് ഈ മരുന്ന് നിർമ്മിക്കാനുള്ള അനുമതി അദ്ദേഹം നൽകി. ഇന്ത്യയുടെ ചരിത്രത്തിലെ തന്നെ ആദ്യത്തെ കംപൽസറി ലൈസൻസ്. ആ ഒറ്റ ഉത്തരവിലൂടെ, 2.8 ലക്ഷം രൂപ വിലയുണ്ടായിരുന്ന മരുന്ന് വെറും 8,880 രൂപയ്ക്ക് രോഗികൾക്ക് ലഭ്യമായി. 97 ശതമാനത്തിലധികം വിലക്കുറവ്. ജീവിതവും മരണവും തമ്മിലുള്ള അകലം ഒറ്റയടിക്ക് ചുരുങ്ങിയ നിമിഷം ഞാനും സാറും വളരെ ലളിതമായി ബോംബെയിലെ ബൗദ്ധിക് സമ്പദ ഭവൻ എന്ന ഓഫീസിന് അടുത്ത് വെച്ച് ആഘോഷിച്ചിരുന്നു. വമ്പൻ 'സ്രാവുകളിൽ നിന്നും' അദ്ദേഹത്തിന് വന്നിരുന്ന ഭീഷണികളിൽ പലതും എന്നോടും പങ്കുവെച്ചിരുന്നു. അദ്ദേഹത്തിന് എന്തെങ്കിലും സംഭവിച്ചാൽ നടത്തിയെടുക്കേണ്ട കാര്യക്രമങ്ങൾ വരെ എന്നോട് കൃത്യമായി പറഞ്ഞുതന്നിരുന്നു, ചില പ്രത്യേക രഹസ്യ രേഖകൾ ഉൾപ്പടെ...!

ആമ്യല്യ കമ്പനി ഈ ഉത്തരവിനെതിരെ നിയമപോരാട്ടം നടത്തിയെങ്കിലും, ബോംബെ ഹൈക്കോടതിയും ഒടുവിൽ സുപ്രീം കോടതിയും കുര്യൻ സാറിന്റെ തീരുമാനം ശരിവച്ചു. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ധൈര്യവും നിയമപരിജ്ഞാനവും, ഒരു രാജ്യത്തിന്റെ പരമോന്നത നീതിപീഠം വരെ അംഗീകരിച്ച നിമിഷം. അതേ കാലഘട്ടത്തിൽ, മറ്റൊരു കാൻസർ മരുന്നായ ചീമൃശേന്റെ ഏഹശ്ലരനെ ചൊല്ലിയും ഇന്ത്യയിൽ ഒരു സുപ്രധാന നിയമപോരാട്ടം നടക്കുന്നുണ്ടായിരുന്നു. ആ മരുന്നിന് പുതിയ പേറ്റന്റ് നൽകാൻ വിസമ്മതിച്ചുകൊണ്ട് 2013-ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി, ജനറിക് മരുന്ന് ലഭ്യത നിലനിർത്തി. ഇത് സാധാരണക്കാരന് താങ്ങാവുന്ന വിലയ്ക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കാനുള്ള അതേ വലിയ പോരാട്ടത്തിന്റെ മറ്റൊരു അധ്യായമായിരുന്നു.

ഒരു സർക്കാർ ഉദ്യോഗസ്ഥന് ഇത്രയും ധീരമായ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞതിന് പിന്നിൽ, ഭരണകൂടത്തിന്റെ പിന്തുണയും നിർണായകമായിരുന്നു എന്നത് മറക്കാനാവില്ല. ശരിയായ നയവും ശരിയായ ആളുകളും ഒരുമിച്ചു വരുമ്പോൾ എന്താണ് സംഭവിക്കുക എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമായിരുന്നു അത്. ഇന്ന് ആ ധീരനായ മനുഷ്യ സ്നേഹം നമ്മെ വിട്ടു പോയിരിക്കുന്നു. പക്ഷേ ലക്ഷക്കണക്കിന് കാൻസർ രോഗികൾക്ക് ജീവിതം തിരികെ നൽകിയ ആ കൈകൾ, ആ ധീരമായ തീരുമാനം, എന്നും ചരിത്രത്തിൽ ജീവിക്കും. അപരിചിതരായ ലക്ഷകണക്കിന് മനുഷ്യജന്മങ്ങൾക്കുവേണ്ടി വേണ്ടി പോരാടിയ ആ മനുഷ്യന്, ഇന്ന് നമുക്ക് നൽകാൻ കഴിയുന്നത് ഒരു പ്രാർത്ഥന മാത്രമാണ്.

എന്റെ പ്രിയപ്പെട്ട ചേട്ടനായിരുന്ന കുര്യൻ സർ, അങ്ങയ്ക്ക് വേദനയോടെ കണ്ണീരോടെ വിട. അങ്ങ് ജീവിതം നൽകിയ ലക്ഷകണക്കിന് ആളുകൾ അങ്ങയെ എന്നും നന്ദിയോടെ സ്മരിക്കുമെന്ന് തീർച്ച . അങ്ങയുടെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ. കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ടവർക്കും അങ്ങയുടെ വേർപാട്, ഈ ദുഃഖം താങ്ങാനുള്ള കരുത്ത് ദൈവം നൽകട്ടെ.

A bureaucrat of rare calibre and rarer courage

Shashi Tharoor M.P.

Deeply saddened by the passing of Shri P.H. Kurian IAS, a bureaucrat of rare calibre and rarer courage. As Controller General of Patents his compulsory licence order put life-saving cancer medicines within reach of ordinary Indians, and in Kerala he brought the same clarity to Revenue, Industries and IT.

His last message to me, a year ago, was a request to write the Foreword to "Beyond Cynicism: Kerala 2.0", the volume he co-edited on economic and administrative reforms needed for Kerala. It was a privilege to do so. At a moment when Kerala is searching for a new growth trajectory, the loss of a mind like his is grievous.

My heartfelt condolences to his family.

ആർദ്രയുടെ ശില്പി

ജോസഫ് അലക്സാണ്ടർ

(സെക്രട്ടറി, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി)

2001-ൽ പ്രവർത്തനം ആരംഭിച്ച ആർദ്ര ചാരിറ്റബിൾ സൊസൈറ്റി ഇന്ന് 25 വർഷം പൂർത്തിയാക്കുന്നു. ഈ സൊസൈറ്റിയുടെ സ്ഥാപനത്തിന് പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ആഗ്രഹം സാക്ഷാത്കരിക്കുവാൻ ബാവാതിരുമേനിയോടൊപ്പം അക്ഷീണം പരിശ്രമിച്ച ഒരു ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു അന്തരിച്ച പി. എച്ച്. കുര്യൻ ഐഎഎസ് എന്നത് പ്രത്യേകം സ്മരിക്കുന്നു.

കേരളത്തിൽ അങ്ങോളം ഓടി നടന്ന് തന്റെ സഹപ്രവർത്തകരായ മറ്റ് ഉദ്യോഗസ്ഥരോടൊപ്പം (ശ്രീ. ജിജി തോംസൺ ഐഎഎസ്, ശ്രീ സാജൻ പീറ്റർ ഐഎഎസ്, പ്രൊഫ. ടൈറ്റസ് വർക്കി മുതലായ) എല്ലാത്തുറയിലുമുള്ള പല പ്രമുഖ വ്യക്തികളുടെയും ത്യാഗത്തിന്റെ ഫലമാണ് ഇന്നുള്ള ആർദ്ര എന്നത് വിസ്മരിക്കുവാൻ സാധിക്കില്ല. ആർദ്രയുടെ വാർഷിക റിപ്പോർട്ടുകളും ഓരോ വർഷത്തെ ഡയറിയുമെല്ലാം 25-ാം വാർഷികത്തിന്റെ ക്ഷണക്കത്തുകളും മുടങ്ങാതെ യഥാസമയം എത്തിച്ചു കൊടുത്തിരുന്നു എങ്കിലും അദ്ദേഹത്തിൻ സംബന്ധിക്കുവാനുള്ള ബുദ്ധിമുട്ട് ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

വ്യക്തിപരമായി വലിയ പരിചയമില്ലാതിരുന്നിട്ടു കൂടി അദ്ദേഹം അഡീഷണൽ ചീഫ് സെക്രട്ടറി ആയിരുന്ന സമയത്ത് എനിക്ക് സെക്രട്ടറിയേറ്റിൽ ഒരു കാര്യം സാധിക്കുവാൻ ബുദ്ധിമുട്ടുണ്ടായപ്പോൾ യാദൃശ്ചികമായി അദ്ദേഹത്തെ കാണുകയും വിഷയം സംസാരിക്കുകയും ചെയ്തു. ഉടൻതന്നെ വേണ്ട സഹായം ചെയ്തു തന്ന അദ്ദേഹത്തിന്റെ 'ആർദ്ര മനസ്സിന്' ഇപ്പോൾ ആർദ്രയുടെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന എന്റെ പ്രണാമം.

ആർദ്ര കുടുംബത്തിന്റെ ആദരാഞ്ജലികൾ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങളെ അറിയിക്കട്ടെ. നിത്യതയിൽ ദൈവം അദ്ദേഹത്തിന് വാസസ്ഥലം ഒരുക്കട്ടെ.

പി. എച്ച്. കുര്യന് ആദരാഞ്ജലികൾ

ജോൺ മുണ്ടക്കയം

ഞെട്ടൽ ഇല്ല. അപ്രതീക്ഷതവുമല്ല. എങ്കിലും ഏറെ വേദനാജനകം. ഇത്രയേറെ വികസന കാഴ്ചപ്പാടുള്ള, വിവരമുള്ള, വാചാലനായ ഐഎഎസ് ഉദ്യോഗസ്ഥർ കുറവ്. സിവിൽ സർവീസ് ഉദ്യോഗസ്ഥൻ എന്തിനപ്പുറം പാമ്പാടിക്കാരൻ എന്ന നിലയിലും ഒരേ സഭക്കാരൻ എന്ന നിലയിലും ഏറെ അടുപ്പം ഉണ്ടായിരുന്നു. 2018-ലെ പ്രളയകാലത്ത് റവന്യൂ സെക്രട്ടറി എന്ന നിലയിൽ ഉണ്ണാതെ, ഉറങ്ങാതെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ഓർമ്മയിലുണ്ട്. പല വിഷയത്തെക്കുറിച്ചും ആശയങ്ങൾ കൈമാറിയിരുന്നു. രോഗാവസ്ഥയിലും നാടിന്റെ വികസന കാര്യങ്ങൾ സംസാരിക്കാൻ ഇഷ്ടമായിരുന്നു. വലിയ നഷ്ടമാണ്. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

P. H. Kurian A Tribute

Dr. M. P. Mathai

P. H. Kurian, IAS, is no more. He had been undergoing treatment for pancreatic cancer and, though he fought the disease with remarkable courage, he finally had to yield to it.

I first met Mr. Kurian nearly two decades ago. Before long, our acquaintance blossomed into a warm, brotherly relationship, and ever since, I fondly addressed him as "Kuriachan."

I admired him for the rare combination of qualities of the heart and the head. Though he rose to the highest levels of the bureaucracy, he never lost his human touch. His empathy for ordinary people was deep and genuine, and his concern for their dignity and wellbeing was exemplary.

Kuriachan was, above all, a man of reconciliation and peace. As a member of the Malankara Syrian Church, he made earnest and sustained efforts to promote reconciliation and peace within the Church. Sadly, his sincere endeavour could not make much headway against the hardened egos and entrenched selfishness of its leadership. Their intransigence eventually left him deeply frustrated, and he had no choice but to withdraw from the peace initiative.

I visited him at KIMS Hospital, Trivandrum, on the 22nd of this month. He was already too weak to speak. He simply held my hand for a few minutes. No words were necessary. Both of us knew that this would be our last meeting. And so it was.

Kuriachan has physically left us, but the warmth of his friendship, the nobility of his character, and the memory of his deep commitment to peace and reconciliation will remain alive in the hearts of many of us for a long time to come.

Requiescat in pace, dear Kuriachan. May he rest in peace.

എന്നും ജനങ്ങളോടൊപ്പം...

കെ. ഫ്രാൻസിസ് ജോർജ് എം.പി.

മുൻ കോട്ടയം ജില്ലാ കളക്ടർ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ - റവന്യൂ വകുപ്പ് സെക്രട്ടറി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച, കോട്ടയം പാമ്പാടി സ്വദേശി കൂടിയായ ശ്രീ. പി. എച്ച്. കുര്യന്റെ ആകസ്മിക നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു..

ജനകീയനായ ഒരു മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനെയാണ് നാടിന് നഷ്ടമായത്. വലിയ പദവികൾ വഹിച്ചപ്പോഴും ജനങ്ങളോടൊപ്പം ചേർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം എന്നും ഓർമ്മിക്കപ്പെടും. കോട്ടയത്തെ സാധാരണ കർഷക കുടുംബത്തിൽ ജനിച്ച് രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ശാസ്ത്ര ഗവേഷണം നടത്തുന്നതിനിടെയാണ് അദ്ദേഹം സിവിൽ സർവീസിലെത്തുന്നത്. 1986 ബാച്ചിൽ ആദ്യം ഒറീസ കേഡറിൽ നിയമിതനായ അദ്ദേഹം പിന്നീട് പാലക്കാട്, പാലാ എന്നിവിടങ്ങളിൽ സബ് കളക്ടറായും കോട്ടയം, ഇടുക്കി ജില്ലാ കളക്ടറായും സേവനമനുഷ്ഠിച്ചു.

കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. പാവനമായ അദ്ദേഹത്തിന്റെ സ്മരണക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ

(വി. മത്തായി 17:22-27)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



യേശുവിന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും ആചാരങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനത്തെയും കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്ന ഒന്നാണ് ഇന്നത്തെ വേദഭാഗം.

അര ശേക്കെൽ പണം ദേവാലയ നികുതിയായി യഹൂദരായ എല്ലാ പുരുഷന്മാരും വർഷം തോറും കൊടുക്കേണ്ടിയിരുന്നു. ഓരോരുത്തരുടെയും പാപങ്ങൾക്ക് 'പ്രായശ്ചിത്തം' ചെയ്യാൻ വേണ്ടി ഏർപ്പെടുത്തിയത് ആയിരുന്നു ഇത്. (പുറപ്പാട് 30:11-16). യേശുവിന്റെ കാലത്ത് ഇത് രണ്ട് റോമൻ വെള്ളിക്കാശായ ദീനാറയ്ക്കോ രണ്ട് ഗ്രീക്ക് വെള്ളിക്കാശായ ദ്രാഹ്മയ്ക്കോ തുല്യമായിരുന്നു. ഇത് അക്കാലത്തെ ഏകദേശം രണ്ട് ദിവസത്തെ കൂലിയായിരുന്നു. പെസഹാ പെരുന്നാളീൽ ദേവാലയത്തിലെത്തുമ്പോൾ നേരിട്ടോ അല്ലെങ്കിൽ പ്രാദേശികമായി പെസഹായിക്കു മുൻപുള്ള മാസത്തിൽ പിരിക്കുന്നവർ മുഖേനയോ ഈ നികുതി കൊടുക്കുവാനുള്ള സൌകര്യം ഏർപ്പെടുത്തിയിരുന്നു.

സദൂക്യരും, കുമ്രാൻ സമൂഹവും മറ്റും ഇതിനെ എതിർത്തിരുന്നു. നികുതി പിരിക്കുന്നവർ യേശുവിനെ നേരിട്ട് സമീപിക്കാതെ പത്രോസിനെ സമീപിച്ചത്, യേശു ഈ കടമ അംഗീകരിക്കാൻ സാധ്യതയില്ലെന്ന് അവർക്ക് സംശയമുണ്ടായിരുന്നു എന്നതിനെയാണ് സൂചിപ്പിക്കുന്നത്. ദേവാലയത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഒരാളായി യേശുവിനെ അവർ കണ്ടുതുടങ്ങിയിരുന്നു എന്നതിന്റെ ഒരു സൂചനകൂടിയാണിത്.

മനുഷ്യാവതാര സ്വഭാവങ്ങളുടെ വെളിപ്പെടുത്തൽ

ഭൂമിയിലെ രാജാക്കന്മാർ സ്വന്തം മക്കളിൽ നിന്ന് നികുതി വാങ്ങില്ല എന്നുള്ള ദൃഷ്ടാന്തം മുൻനിർത്തി താൻ ആര് എന്ന് ഒരിക്കൽ കൂടെ കർത്താവ് ഈ ഭാഗത്ത് ശിഷ്യന്മാർക്ക് വെളിപ്പെടുത്തുന്നുണ്ട്. ദേവാലയത്തിൽ നൽകേണ്ട നികുതി ദേവാലയത്തിന്റെ ഉടയവന് ഉള്ളതാണ്. അത് ദൈവത്തിനുള്ളതാണെങ്കിൽ ദൈവപുത്രനായ താൻ നികുതി അടയ്ക്കേണ്ട ആവശ്യമില്ല എന്നാണ് കർത്താവ് ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നത്. മനുഷ്യാവതാരം ചെയ്തപ്പോഴും തന്റെ അസ്ഥിത്വം ദൈവപുത്രൻറേത് ആണെന്ന് സംശയത്തിനിടയില്ലാതെ കർത്താവ് വിളിച്ച് പറയുകയാണ്.

തൻറെ അസ്ഥിത്വം അപ്രകാരമായിരിക്കുമ്പോഴും താൻ പരിമിതപ്പെടുവാൻ തയ്യാറായിരിക്കുന്നു എന്നാണ് നികുതി അടയ്ക്കുവാൻ തയ്യാറാകുന്ന യേശു ക്രിസ്തുവിൽ നാം കാണുന്നത്. നിയമങ്ങളെ നൽകിയവൻ നിയമത്തിന് വിധേയപ്പെടുവാൻ തയ്യാറാകുമ്പോൾ മനുഷ്യാവതാരത്തിന്റെ അടിസ്ഥാന ദർശനമായ പരിമിതപ്പെടലിന്റെ മറ്റൊരു ഉദാഹരണമാണത്. മത്സ്യത്തിന്റെ വായ് പിളർന്ന് അതിൽ നിന്നും ലഭിക്കുന്ന നാല് ദ്രഹമയെ കുറിച്ച് ലഭിക്കുന്ന സൂചനകൾ സകലത്തിന്റെയും സൃഷ്ടാവും സകലത്തെയും നിയന്ത്രിക്കുന്നവനുമായ തൻറെ സാന്നിധ്യത്തെ കുറിക്കുന്നതാണ്. ലഭിക്കുന്ന ദ്രഹമകളിൽ രണ്ട് പത്രോസിന്റെ പേരിൽ നൽകുവാൻ പറയുമ്പോൾ അത് കരുതലുള്ള ദൈവത്തിൻറെ സാന്നിധ്യത്തെയും സൂചിപ്പിക്കുകയാണ്.

കെട്ടുറപ്പുള്ള സമൂഹത്തിനായി വിവേക പൂർവ്വമായ ഇടപെടൽ

യേശുവിന് ആലയ നികുതി കൊടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെങ്കിലും, 'ഇടർച്ച വരുത്താതിരിക്കാൻ' അത് നല്കുവാൻ തീരുമാനിക്കുകയാണ്. ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ, നമ്മുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും അപ്പുറം, മറ്റുള്ളവർക്ക് ഇടർച്ച ഉണ്ടാക്കാതിരിക്കാനും സമൂഹത്തിൽ സമാധാനവും ഐക്യവും നിലനിർത്താനും നമ്മൾ ശ്രദ്ധിക്കണം എന്ന കൃത്യമായ ആഹ്വാനമാണ് കർത്താവ് നൽകുന്നത്. ചിലപ്പോൾ നമ്മുടെ അഭിപ്രായങ്ങളെയും നിലപാടുകളെയുംക്കാൾ ഉപരി, സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാക്കാതെ ഒരുമിച്ച് മുന്നോട്ട് പോകേണ്ടത് അത്യാവശ്യമാണ്. വ്യക്തിപരമായ സ്വാതന്ത്ര്യങ്ങൾ സമൂഹത്തിന്റെ കെട്ടുറപ്പിന് തടസ്സമാകാത്ത രീതിയിൽ ഉപയോഗിക്കാൻ ഈ സംഭവം നമ്മളെ പഠിപ്പിക്കുന്നു.

നിയമങ്ങളെയും കീഴ് വഴക്കങ്ങളെയും എങ്ങനെയാണ് ഒരു സമൂഹം നോക്കിക്കാണേണ്ടത് എന്നും ഈ ഭാഗം പഠിപ്പിക്കുന്നു. ഒരു സമൂഹത്തിലെ നിയമങ്ങളും കീഴ്വഴക്കങ്ങളും എന്തിനുവേണ്ടിയാണ് സ്ഥാപിക്കപ്പെട്ടതെന്ന് നമ്മൾ മനസ്സിലാക്കണം. അടിസ്ഥാനപരമായ നീതിയെയും സ്നേഹത്തെയും തടസ്സപ്പെടുത്തുന്ന നിയമങ്ങളുണ്ടെങ്കിൽ, അവയെ ചോദ്യം ചെയ്യാനും മാറ്റങ്ങൾ വരുത്താനും നമുക്ക് ധൈര്യമുണ്ടാകണം. എന്നാൽ, അപ്രധാനമായ കാര്യങ്ങൾക്ക് വേണ്ടി സമൂഹത്തിൽ അനാവശ്യമായ സംഘർഷങ്ങൾ ഉണ്ടാക്കാതെ, വിവേകത്തോടെയുള്ള സമീപനം സ്വീകരിക്കാൻ ഈ ഭാഗം നമ്മെ പ്രേരിപ്പിക്കുന്നു. സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ പോലും, സമാധാനപരമായ വഴികളിലൂടെ അത് സാധ്യമാക്കാൻ ശ്രമിക്കുക.

മദ്ധ്യസ്ഥ പ്രാർത്ഥന

കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തുകൊണ്ടു നിൽക്കുന്നു.

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Authority must not become an Obstacle

Third Sunday after Assumption of St Mary
(St. Matthew 17:22–27)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Lord Jesus, during His public ministry, instructs and teaches His disciples in various ways. However, it is only on very few occasions that He speaks about matters concerning His own life. In the first part of this scriptural passage, in St. Matthew 17:22–23, He reminds them about His suffering and death. Apart from this, He speaks about His suffering on several other occasions as well (St. Mark 9:30–32 and St. Luke 9:43–45).

In St. Matthew 17:22–23, this is the second time He speaks about His suffering. Lord Jesus says to the disciples, "The Son of Man is going to be betrayed into human hands. They will kill Him, and on the third day He will be raised." Hearing this, the disciples were greatly distressed. They did not understand this saying. Even after being with Lord Jesus for so long, they were unable to properly comprehend these matters regarding suffering, death, and resurrection.

The reminder about the suffering was a preparation

We read that when Lord Jesus reminded the disciples about His suffering, the disciples experienced extreme sorrow. This was beyond what they could bear. Therefore, Jesus repeatedly reminded them about His suffering so that it would not turn out to be a sudden, unexpected shock.

Jesus was repeatedly reminding the disciples about his death to prepare them mentally for it. Whenever He spoke about His death, He also spoke about His resurrection. Death and resurrection are inextricably linked. Saint Paul the Apostle also links the death and resurrection of Jesus: "It is Christ Jesus who died, yes, rather who was raised from the dead" (Romans 8:34). Therefore, where there is death, there is a resurrection within it. That is something that gives hope and expectation to the disciples. However, the disciples could not clearly understand what Christ said at that time. It was after the death and resurrection of Jesus Christ that they truly understood its real meaning.

Trying to avoid causing offense in the community

When the disciples reached Capernaum, the temple tax collectors approached Peter and asked, "Does your teacher not pay the temple tax?" "Yes," Peter replied. Later, when they arrived home, Jesus asked Simon, "What do you think, Simon? From whom do the kings of the earth collect toll or tax? From their own children or from others?" When Peter answered, "From others," Jesus said to him, "Then the children are exempt. However, so that we may not cause them offense, go to the sea and cast a hook. Take the first fish you catch, open its mouth, and you will find a coin. Take that and give it to them for Me and for you."

This is an event described only in this Gospel. The tax collectors approached Jesus to test whether He would pay the temple tax. As the spokesperson of the disciple community, they came to Peter. There was a law among the Jews that men above twenty years of age must pay half a shekel of money every year for the maintenance and expenses of the temple. It was for this purpose that the tax collectors approached Jesus. Then Jesus told Peter that He is the Son of God. As the Son of God, He is not required to pay the tax because tax is not collected from the children. However, so that we do not become a stumbling block to them, He pays it. Since the Jews did not accept that Jesus is the Son of God, not paying it would lead to an argument. The Jews would spread rumors that Jesus and the disciples were ignoring the temple. This would become a cause of stumbling among the people. That is why Jesus tells Peter, "However, so that we may not cause them offense, give it for Me and for you."

Strive to ensure that our freedom does not become an obstacle to others.

Jesus tells Peter, "Go to the sea, cast a hook, take the coin you get from the mouth of the fish you catch first, and give it for us." What becomes clear here is that although we have freedom in many things, we should strive to make sure that it does not become an obstacle to others or hurt the faith of others. Saint Paul the Apostle says: "For the name of God is blasphemed among the Gentiles because of you" (Romans 2:24). Through our actions, we should never cause others to stumble or cause the name of God to be blasphemed. Understanding that the freedom we have received is for doing good, we should be able to live with love and care for others. The Lord and the disciples had the freedom not to pay the tax. Realizing that if He exercised that freedom, it might cause stumbling in the community, He obeys the public laws.

The Lord teaches that nothing is impossible for God.

There are also those who interpret in other ways what was told to Peter, to go, cast a hook, catch a fish, and take the coin found in the fish's mouth to pay the tax. The evangelist's narrative is viewed as a figurative expression. When the head tax was demanded, it can be reasonably assumed that they did not have the necessary money on hand. Some interpret that when money was lacking, He told Peter to go to his familiar occupation of fishing, earn the required money by selling the caught fish, and pay the head tax.

As seen here, the Fathers teach that the coin was obtained from the mouth of the fish. They link this to the Virgin Birth of the Lord. They teach that nothing is impossible for God, who provided the coin in the mouth of the fish. "Mary said... How will this be, since I am a virgin? ... For no word from God will ever fail" (St. Luke 1:34, 37). "The tree provided a lamb, the rock provided water, and the fish provided the coin; all three look with mockery upon those who reject the Virgin Birth." For those who do not believe in the Virgin Birth of Jesus Christ, what greater proof is needed than this? Therefore, through this event, the Fathers also underline and teach that nothing is impossible for God.

Let us fulfill our duties in such a way that we become an example to others. Freedom or authority has no place there. Love of God and care are what matter most.

❑

മാവേലി സ്മൃതി

ഫാ. അജീഷ് ബാബു

ഓണം വരുമ്പോൾ പൂക്കളം ഒരുക്കുന്നു, ഓണക്കോടി ധരിക്കുന്നു, സദ്യയൊരുക്കുന്നു, വീടുകളിലേക്ക് ബന്ധുക്കളെ വിളിക്കുന്നു. ആഘോഷങ്ങൾക്കിടയിൽ, വളരെ നിശ്ശബ്ദമായി, ഓരോ വർഷവും ഒരാൾ കൂടി വീടുകളിലേക്ക് വരുന്നുണ്ട് മാവേലി. പുരാണം പറയുന്നു, പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ട മഹാബലി വർഷത്തിലൊരിക്കൽ തന്റെ ജനങ്ങളെ കാണാൻ മടങ്ങിവരുന്നു. ജനകീയ പാട്ട് പറയുന്നു, "മാവേലി നാടു വാണീടും കാലം...' ചരിത്രം അതേസമയം ചോദിക്കും, മാവേലി യഥാർത്ഥത്തിൽ കേരളം ഭരിച്ചിരുന്നോ? ഈ ചോദ്യത്തിന് ഉറച്ച ചരിത്രരേഖകളില്ല. പക്ഷേ ഒരുപക്ഷേ അതിനേക്കാൾ ആഴമുള്ള മറ്റൊരു ചോദ്യം നമുക്ക് ചോദിക്കേണ്ടതുണ്ട്, മാവേലി യഥാർത്ഥത്തിൽ ജീവിച്ചിരുന്നോ എന്നതിനെക്കാൾ, എന്തുകൊണ്ടാണ് ഒരു ജനത മറക്കാതിരുന്നത്?

ഓണം ഉത്സവത്തിൽ നിന്ന് സ്മൃതിയായി മാറുന്നത്. മാവേലി പുരാണ പാത്രത്തിൽ നിന്ന് ജനതയുടെ സ്വപ്നമായി മാറുന്നു. ചരിത്രരേഖകളിൽ തെളിയിക്കാൻ കഴിയാത്ത ഒരു രാജാവ് ജനങ്ങളുടെ ഹൃദയത്തിൽ ചരിത്രത്തേക്കാൾ ശക്തമായി ജീവിക്കുന്നു. കാരണം എല്ലാ ചരിത്രങ്ങളും പുസ്തകങ്ങളിൽ എഴുതപ്പെടുന്നില്ല. ചില ചരിത്രങ്ങൾ പാടപ്പെടുന്നു. ചിലത് അമ്മമാർ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. ചിലത് വീടുകളുടെ മുറ്റത്ത് പൂക്കളമായി വിരിയുന്നു. ചിലത് വർഷത്തിൽ ഒരിക്കൽ ജനതയുടെ കൂട്ടായ ഓർമ്മയായി തിരിച്ചെത്തുന്നു. മാവേലിയുടെ ചരിത്രം അത്തരമൊരു ചരിത്രമാണ്.

ചരിത്രം എന്നത് സംഭവിച്ച കാര്യങ്ങളുടെ രേഖ മാത്രമല്ല; ഒരു സമൂഹം മറക്കാൻ വിസമ്മതിച്ച കാര്യങ്ങളുടെ ഓർമ്മയും കൂടിയാണ്. മഹാബലി കേരളം ഭരിച്ചിരുന്നുവെന്ന് തെളിയിക്കുന്ന ചരിത്രരേഖകൾ നമുക്കില്ലെങ്കിലും, കേരളീയ ജനകീയ സ്മൃതിയിൽ മഹാബലിയുടെ രാജ്യം സമത്വത്തിന്റെയും സമൃദ്ധിയുടെയും നീതിയുടെയും നഷ്ടപ്പെട്ട ലോകമായി നിലനിന്നിട്ടുണ്ട്. ഈ വ്യത്യാസം വളരെ പ്രധാനപ്പെട്ടതാണ്. മാവേലി ചരിത്രപരമായ ഒരു വ്യക്തിയാണോ എന്നത് ഒരു ചോദ്യം; എന്നാൽ മാവേലിയുടെ പേരിൽ ഒരു ജനത ഏതു ലോകത്തെയാണ് ഓർത്തുവെച്ചത് എന്നത് മറ്റൊരു ചോദ്യം. രണ്ടാമത്തെ ചോദ്യമാണ് മാവേലിയുടെ സാമൂഹികചരിത്രത്തിലേക്ക് നമ്മെ കൂടുതൽ ആഴത്തിൽ കൊണ്ടുപോകുന്നത്.

"മാവേലി നാടു വാണീടും കാലം...' എന്ന ഓണപ്പാട്ട് ഒരു രാജാവിന്റെ ഭരണകാലം വിവരിക്കുന്ന പാട്ടായി മാത്രം കേൾക്കേണ്ടതില്ല. അത് സാമൂഹിക സ്വപ്നത്തിന്റെ ഗാനമാണ്. കള്ളമില്ലാത്ത, ചതിയില്ലാത്ത, അസമത്വമില്ലാത്ത, മനുഷ്യനെ മനുഷ്യനിൽ നിന്ന് വേർതിരിക്കുന്ന മതിലുകൾ കുറഞ്ഞ ലോകത്തിന്റെ ഓർമ്മ. അതുകൊണ്ടാണ് മാവേലിനാടിനെ ചില ആധുനിക പഠനങ്ങൾ ഒരു utopian memory ആയി വായിക്കുന്നത്. ഇവിടെ 'utopia" എന്നത് യഥാർത്ഥത്തിൽ എവിടെയെങ്കിലും ഉണ്ടായിരുന്ന ഒരു പൂർണ്ണസമൂഹം എന്ന അർത്ഥത്തിൽ മാത്രമല്ല; മനുഷ്യൻ ആഗ്രഹിക്കുന്ന ഒരു നീതിയുള്ള ലോകത്തിന്റെ സങ്കൽപ്പം എന്ന അർത്ഥത്തിലാണ്. മാവേലി ഒരുപക്ഷേ ഉണ്ടായിരുന്ന ഒരു കാലത്തിന്റെ ഓർമ്മ മാത്രമല്ല; ഉണ്ടായിരിക്കേണ്ടിയിരുന്ന ഒരു ലോകത്തിന്റെ ഓർമ്മ കൂടിയാണ്.

ഇതാണ് ഈ കഥയുടെ ഏറ്റവും വേദനാജനകമായ സൗന്ദര്യം. ഒരു സമൂഹം ഒരിക്കലും പൂർണ്ണമായി അനുഭവിച്ചിട്ടില്ലാത്ത ഒരു ലോകത്തെ എന്തുകൊണ്ടാണ് ഇത്രയും സ്നേഹത്തോടെ ഓർക്കുന്നത്? ഒരുപക്ഷേ അതിന്റെ കാരണം ആ സമൂഹം അനുഭവിച്ച അനീതികളാണ്. ജാതിയുടെ പേരിലുള്ള വേർതിരിവുകൾ, ദാരിദ്ര്യം, അധികാരത്തിന്റെ അസമത്വങ്ങൾ, സാമൂഹിക അപമാനങ്ങൾ, മനുഷ്യർ തമ്മിലുള്ള അകലം ഇവയെല്ലാം അനുഭവിച്ച ഒരു ജനതയുടെ മനസ്സിൽ അതിന്റെ വിപരീതമായ ലോകം രൂപപ്പെട്ടിരിക്കാം. ആ ലോകത്തിന് അവർ ഒരു പേര് നൽകി, മാവേലിനാട്. അതുകൊണ്ട് മാവേലി പഴയകാലത്തിന്റെ ഓർമ്മ മാത്രമല്ല; ഇപ്പോഴത്തെ അനീതിക്കെതിരായ ഒരു നിശ്ശബ്ദ പരാതിയും കൂടിയാണ്.

memory studies ന്റെ ഭാഷയിൽ മാവേലിയുടെ കഥയെ വായിക്കുമ്പോൾ മറ്റൊരു ആശയം കൂടി പ്രസക്തമാകുന്നു counter memory. അധികാരത്തിന്റെ ഔദ്യോഗിക ചരിത്രം ഒരു സംഭവത്തെ ഒരു രീതിയിൽ ഓർക്കുമ്പോൾ, ജനങ്ങളുടെ സ്മൃതി അതേ കഥയെ മറ്റൊരു രീതിയിൽ സൂക്ഷിക്കാം. പുരാണത്തിൽ വാമനന്റെ വിജയവും ബലിയുടെ കീഴടങ്ങലുമാണ് പ്രധാനമാകുന്നതെങ്കിൽ, ജനകീയ സ്മൃതിയിൽ മാവേലിയുടെ തിരിച്ചുവരവാണ് പ്രധാനമാകുന്നത്. അധികാരത്തിന്റെ കഥയിൽ പരാജയപ്പെട്ട ഒരാൾ ജനങ്ങളുടെ ഓർമ്മയിൽ നീതിയുടെ രാജാവായി മാറുന്നു. ഇതാണ് ജനകീയ സ്മൃതിയുടെ വിചിത്രമായ ശക്തി അധികാരം താഴെയിറക്കിയവനെ ജനങ്ങൾ ഹൃദയത്തിൽ വീണ്ടും ഉയർത്തുന്നു. അതിനാലാണ് "മാവേലി വരുന്നു" എന്നത് ഒരു സാധാരണ പുരാണ വാക്യമല്ലാത്തത്.

ഓണം ഓരോ വർഷവും ഒരു ജനതയുടെ കൂട്ടായ ഓർമ്മയെ പുനരാവിഷ്കരിക്കുന്ന അവസരമാകുന്നു. പൂക്കളം ഇടുമ്പോഴും സദ്യയൊരുക്കുമ്പോഴും ഓണപ്പാട്ടുകൾ പാടുമ്പോഴും നാം അറിയാതെ ഒരു സാമൂഹിക സ്വപ്നത്തെ വീണ്ടും വിളിച്ചുവരുത്തുന്നു. മാവേലി വരുന്നത് പാതാളത്തിൽ നിന്ന് മാത്രമല്ല; ഓർമ്മയിൽ നിന്നാണ്. മനുഷ്യർ അവനെ ഓർക്കുന്നിടത്തോളം അവൻ മടങ്ങിവരുന്നു. കാലം അവനെ മറച്ചുവെച്ചാലും ജനകീയ സ്മൃതി അവനെ വീണ്ടും പുറത്തെടുക്കുന്നു. ചരിത്രരേഖകൾ മൗനമായാലും ഒരു പാട്ട് അവനെ ജീവനോടെ സൂക്ഷിക്കുന്നു. അതിനാലാണ് മാവേലി "മാവേലി യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ?" എന്ന ചോദ്യത്തിൽ മാത്രം പൂട്ടുന്നത് അതിന്റെ ഏറ്റവും വലിയ സാമൂഹിക അർത്ഥം നഷ്ടപ്പെടുത്തുന്നത്. അതിലും പ്രധാനപ്പെട്ട ചോദ്യം, മാവേലി എന്തുകൊണ്ട് ആവശ്യമുണ്ടായി? ഒരു ജനതയ്ക്ക് സമത്വമുള്ള ഒരു ലോകത്തെക്കുറിച്ച് പാടേണ്ട ആവശ്യം എന്തുകൊണ്ടുണ്ടായി?

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

“അവിടെ കള്ളമില്ലായിരുന്നു, ചതിയില്ലായിരുന്നു, എല്ലാവരും തുല്യരായിരുന്നു” എന്ന് ആവർത്തിക്കേണ്ടിവന്നത് എന്തുകൊണ്ട്? ഈ ചോദ്യങ്ങൾ നമ്മെ മാവേലിയുടെ ചരിത്രത്തിലേക്കാൾ കൂടുതൽ ആഴമുള്ള ഒരു ചരിത്രത്തിലേക്ക് കൊണ്ടുപോകുന്നു അനീതി അനുഭവിച്ച മനുഷ്യന്റെ നീതിക്കായുള്ള ആഗ്രഹത്തിന്റെ ചരിത്രത്തിലേക്ക്.

മാവേലി വ്യക്തിയേക്കാൾ വലിയ സാംസ്കാരിക പ്രതീകമായി മാറുന്നു. രാജാവെന്നതിലുപരി, നീതിയുടെ സ്മൃതിയാണ് അവൻ. ചരിത്രത്തിൽ തെളിയിക്കപ്പെടാത്ത ഭരണകാലത്തേക്കാൾ, മനുഷ്യൻ നഷ്ടപ്പെട്ടതായി അനുഭവിക്കുന്ന മൂല്യലോകത്തിന്റെ പ്രതിനിധിയാണ് അവൻ. അതുകൊണ്ടുതന്നെ മാവേലി ഓരോ ഓണക്കാലത്തും തിരിച്ചുവരുന്നു. അവൻ നമ്മുടെ ആഘോഷത്തെ മാത്രം കാണാനല്ല; നമ്മുടെ സമൂഹത്തെ കാണാനാണ് വരുന്നത്. അപ്പോൾ ഒരു അസ്വസ്ഥമായ ചോദ്യം ഉയരുന്നു: മാവേലി ഇന്ന് വന്നാൽ എന്താണ് കാണുക? പൂക്കളും പ്രകാശങ്ങളും ഓണക്കോടികളും സദ്യയും മാത്രം കാണുമോ? അതോ ജാതിയുടെ പേരിൽ ഇപ്പോഴും മനുഷ്യർ തമ്മിലുള്ള അകലം കാണുമോ? സമ്പത്തിന്റെ പേരിൽ മനുഷ്യന്റെ മൂല്യം നിർണ്ണയിക്കപ്പെടുന്നത് കാണുമോ? സ്ത്രീയുടെ ജീവിതത്തിനും ശരീരത്തിനും മേൽ സമൂഹം ഇപ്പോഴും നിയന്ത്രണം സ്ഥാപിക്കുന്നത് കാണുമോ? വിശപ്പും ദാരിദ്ര്യവും ഒറ്റപ്പെടലും മനുഷ്യന്റെ അന്തസ്സിനെ മുറിവേൽപ്പിക്കുന്നത് കാണുമോ? അപ്പോൾ ഒരുപക്ഷേ മാവേലി നമ്മോട് ചോദിക്കും: “ഞാൻ വിട്ടുപോയ നാടിനെ നിങ്ങൾ എന്താക്കി?”

അതുകൊണ്ട് മാവേലിയുടെ വരവ് ആഘോഷം മാത്രമല്ല; അത് ആത്മ പരിശോധന കൂടിയാണ്. ഓരോ ഓണവും നമ്മോട് ചോദിക്കുന്ന ഒരു നൈതിക ചോദ്യം: നാം മാവേലിയുടെ നാടിനെ ഓർക്കുന്നുണ്ടോ, അതോ അതിന്റെ പുറം ചിഹ്നങ്ങളെ മാത്രം ആഘോഷിക്കുന്നുണ്ടോ? പൂക്കളം ഒരുക്കിയാൽ മാത്രം മാവേലി സന്തോഷിക്കുമോ? സദ്യ ഒരുക്കിയാൽ മാത്രം അവന്റെ രാജ്യം തിരിച്ചു വരുമോ? ഒരുപക്ഷേ അവൻ നോക്കുന്നത് നമ്മുടെ വീടിന്റെ അലങ്കാരങ്ങളിലേക്കല്ല, നമ്മുടെ സമൂഹത്തിലെ മനുഷ്യബന്ധങ്ങളിലേക്കായിരിക്കും. നമ്മുടെ വീടുകളിൽ ആരാണ് പുറത്തുനിൽക്കുന്നത്? നമ്മുടെ ആഘോഷങ്ങളിൽ ആരാണ് പങ്കാളിയാകാത്തത്? നമ്മുടെ പുരോഗതിയുടെ നിഴലിൽ ആരാണ് ഇപ്പോഴും ഇരുട്ടിൽ കഴിയുന്നത്?

അപ്പോഴാണ് മാവേലിയുടെ കഥ നമ്മെ വേദനിപ്പിക്കാൻ തുടങ്ങുന്നത്. കാരണം മാവേലി ഒരുപക്ഷേ നഷ്ടപ്പെട്ട ഒരു രാജാവല്ല; നമ്മൾ ഇപ്പോഴും പൂർണ്ണമായി നേടിയെടുക്കാത്ത ഒരു മനുഷ്യലോകത്തിന്റെ ഓർമ്മയാണ്. ഒരു കുഞ്ഞ് ഒരിക്കലും കണ്ടിട്ടില്ലാത്ത പിതാവിനെ ഓർക്കുന്നതുപോലെ, ഒരു പ്രവാസി വിട്ടുപോയ നാട്ടിനെ ഓർക്കുന്നതുപോലെ, മരിച്ചുപോയ ഒരാളുടെ മുറി അടയ്ക്കാതെ സൂക്ഷിക്കുന്നതുപോലെ, ഒരു ജനതയും ഒരുപക്ഷേ പൂർണ്ണമായി ഉണ്ടായിരുന്നില്ലാത്ത ഒരു നീതിയുടെ ലോകത്തെ ഓർത്തുവെക്കുന്നു. അതാണ് മാവേലിയുടെ സ്മൃതി.

മാവേലി മരിച്ചിട്ടില്ല, ജീവിക്കുന്നത് ചരിത്രപുസ്തകങ്ങളിലല്ല; മനുഷ്യന്റെ നീതിയോടുള്ള അടങ്ങാത്ത ആഗ്രഹത്തിലാണ്. മനുഷ്യൻ അനീതിയെ അനുഭവിക്കുന്നിടത്തോളം നീതിയുള്ള ഒരു ലോകത്തെക്കുറിച്ച് സ്വപ്നം കാണും. മനുഷ്യനെ താഴ്ത്തുന്നിടത്തോളം അവൻ അന്തസ്സുള്ള ഒരു ലോകത്തെ ഓർക്കും. മനുഷ്യരെ വേർതിരിക്കുന്നിടത്തോളം അവൻ എല്ലാവരും ഒരുമിച്ചിരുന്ന ഒരു ലോകത്തിന്റെ കഥ പാടും. മാവേലി ആ സ്വപ്നത്തിന്റെ പേരാണ്. മാവേലി പാതാളത്തിൽ നിന്ന് മടങ്ങിവരേണ്ടതില്ല. മാവേലിയുടെ മൂല്യങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് മടങ്ങിവരികയാണ് വേണ്ടത്. ജാതിയുടെ പേരിൽ മനുഷ്യൻ താഴെയാകാത്ത ഒരു സമൂഹം, സമ്പത്തിന്റെ പേരിൽ മനുഷ്യന്റെ വില നിർണ്ണയിക്കാത്ത ഒരു സമൂഹം, സ്ത്രീക്ക് സ്വന്തം ജീവിതത്തിന്റെ ഉടമസ്ഥതയുള്ള ഒരു സമൂഹം, തൊഴിലാളിയുടെ വിയർപ്പിന് വിലയുള്ള ഒരു സമൂഹം, വിശക്കുന്ന മനുഷ്യന് ഭക്ഷണവും അപമാനിക്കപ്പെട്ട മനുഷ്യന് അന്തസ്സും ലഭിക്കുന്ന ഒരു സമൂഹം അങ്ങനെയൊരു ലോകമാണ് മാവേലിയുടെ യഥാർത്ഥ തിരിച്ചുവരവ്.

ഓണം പഴയ രാജാവിന്റെ വരവിനായി കാത്തിരിക്കുന്ന ഉത്സവമല്ല. നീതിയുടെ വരവിനായി കാത്തിരിക്കുന്ന ഒരു ജനതയുടെ ഉത്സവമായി അത് മാറുന്നു. ഓണം വരുമ്പോൾ നാം ചോദിക്കേണ്ട ചോദ്യം “മാവേലി വരുമോ?” എന്നതല്ല. അതിലും ആഴമുള്ള ചോദ്യം ഇതാണ്: “മാവേലി വന്നാൽ സ്വീകരിക്കാൻ നാം തയ്യാറാണോ?” നമ്മുടെ വീടുകൾ വൃത്തിയാക്കിയോ എന്നതിനെക്കാൾ നമ്മുടെ

ചരിത്രം തെളിയിക്കാത്ത ഒരു ഭൂതകാലത്തെക്കുറിച്ചുള്ള സ്മൃതിയല്ല മാത്രം; മനുഷ്യൻ ഒരിക്കൽ എങ്കിലും സൃഷ്ടിക്കേണ്ട ഒരു ഭാവിയെക്കുറിച്ചുള്ള സ്വപ്നം കൂടിയാണ്.

ഹൃദയങ്ങൾ വൃത്തിയാക്കിയോ? പൂക്കളം ഒരുക്കിയോ എന്നതിനെക്കാൾ മനുഷ്യർക്കിടയിലെ മതിലുകൾ നീക്കിയോ? സദ്യ വിളമ്പിയോ എന്നതിനെക്കാൾ വിശക്കുന്നവന് ഇടം നൽകിയോ? ഓണക്കോടി ധരിച്ചോ എന്നതിനെക്കാൾ അപമാനിക്കപ്പെട്ട മനുഷ്യന്റെ അന്തസ്സിന് ഒരു വസ്ത്രം നൽകിയോ?

ഒരുപക്ഷേ മാവേലി എല്ലാ വർഷവും വരുന്നത് നമ്മെ കാണാനല്ല; നമ്മുടെ ഓർമ്മയെ ഉണർത്താനാണ്. ഒരിക്കൽ നമുക്ക് സ്വപ്നം കാണാൻ കഴിഞ്ഞിരുന്ന ഒരു ലോകത്തെ ഓർമ്മിപ്പിക്കാൻ. നീതി അസാധ്യമല്ലെന്ന് പറയാൻ. സമത്വം വെറും കവിതയല്ലെന്ന് ഓർമ്മിപ്പിക്കാൻ. മനുഷ്യൻ മനുഷ്യനെ സ്നേഹിച്ചുകൊണ്ട് ജീവിക്കാമെന്ന് വീണ്ടും വിശ്വസിപ്പിക്കാൻ.

ഓണത്തിന് മാവേലിയെ കാത്തിരിക്കാം. പക്ഷേ പാതാളത്തിലേക്ക് നോക്കേണ്ടതില്ല. നമ്മുടെ ഉള്ളിലേക്ക് നോക്കാം. കാരണം മാവേലി വരേണ്ട സ്ഥലം നമ്മുടെ വീടുകളുടെ മുറ്റമല്ല; നമ്മുടെ മനസ്സുകളാണ്. അവൻ വരേണ്ട ദിവസം ചിങ്ങത്തിലെ ഒരു തിരുവോണം മാത്രമല്ല; നീതി ആവശ്യപ്പെടുന്ന ഓരോ ദിവസവുമാണ്. അവൻ കൊണ്ടുവരേണ്ടത് ഒരു രാജ്യമല്ല; ഒരു മനുഷ്യസങ്കൽപ്പമാണ്. അതിനാലാണ് ഓരോ വർഷവും നാം വീണ്ടും പാടുന്നത്:

“മാവേലി നാടു വാണീടും കാലം...‘

കഴിഞ്ഞ കാലത്തിന്റെ പാട്ടായി മാത്രം കേൾക്കേണ്ടതില്ല. ഒരുപക്ഷേ ഇത് ഇനിയും വരാനിരിക്കുന്ന ലോകത്തിന്റെ പാട്ടാണ്. ചരിത്രം തെളിയിക്കാത്ത ഒരു ഭൂതകാലത്തെക്കുറിച്ചുള്ള സ്മൃതിയല്ല മാത്രം; മനുഷ്യൻ ഒരിക്കൽ എങ്കിലും സൃഷ്ടിക്കേണ്ട ഒരു ഭാവിയെക്കുറിച്ചുള്ള സ്വപ്നം കൂടിയാണ്. മാവേലി ഒരു നഷ്ടപ്പെട്ട ചരിത്രമല്ല. മാവേലി വരാനിരിക്കുന്ന നീതിയുടെ പേരാണ്.

അതുകൊണ്ടാണ് അവൻ ഓരോ ഓണത്തിനും വീണ്ടും വരുന്നത്.

അവനെ ഓർക്കുന്നിടത്തോളം നീതി മരിച്ചിട്ടില്ല.

മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്ത പൊനോടത്ത് ചെറിയ കശീശായുടെ കബറിടത്തിൽ പ. കാതോലിക്കാ ബാവയും പിതാക്കൻമാരും ധൂപാർപ്പണം നടത്തുന്നു.

മുളന്തുരുത്തി മാർത്തോമൻ പള്ളിയിലെ പൈതൃക വാക്ക് വേയുടെയും ഹെറിറ്റേജ് എക്സിബിഷന്റെയും ഉദ്ഘാടനശേഷം പരിശുദ്ധ കാതോലിക്കാ ബാവായും മന്ത്രി അനൂപ് ജേക്കബും വാക്ക് വേയും സ്റ്റാളും സന്ദർശിക്കുന്നു.

എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായി നിയമിതനായ ഡോ. തോമസ് കുരുവിളയ്ക്കു മാത്യ ഇടവകയുടെ അനുമോദനം. പരിശുദ്ധ ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മമെന്റോ സമ്മാനിച്ചു. വികാരി ഫാ. അലക്സ് തോമസ് നാലൂരിമറ്റത്തിൽ, സഹവികാരി ഫാ. ലെൻസൻ സ്കറിയ എന്നിവർ സമീപം.

അഖില മലങ്കര പ്രാർത്ഥനയോഗം 'ചാരെ പദ്ധതി'യുടെ ഭാഗമായി ഇടുക്കി ഭദ്രാസന പ്രാർത്ഥനായോഗം നടപ്പിലാക്കുന്ന കിടപ്പു രോഗികളായവർക്ക് നൽകുന്ന സ്വാന്ത്വന പരിചരണ ഉപകരണങ്ങൾ പ്രാർത്ഥനാ യോഗം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായും, വീൽചെയറുകൾ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത വൈസ് പ്രസിഡന്റ് ഷൈനി റോയിയും പ്രാർത്ഥനയോഗം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മഹേഷ് പോളിന് കൈമാറി. നെറ്റിത്തൊഴു സെന്റ് ഗ്രീഗോറിയോസ് കരുണാ ഭവനിൽ നടന്ന ചടങ്ങിൽ പ്രാർത്ഥനാ യോഗം ഭദ്രാസന മുൻ വൈസ് പ്രസിഡന്റ് ഫാ. പ്രകാശ് കുര്യാക്കോസ്, കരുണാ ഭവൻ അഡ്മിനിസ്ട്രേറ്റർ സി. ഫേബാ, പ്രാർത്ഥന യോഗം ഭാരവാഹികളായ സോണൽ സെക്രട്ടറി ജയൻ കുരുവിള വട്ടമല, ഭദ്രാസന സെക്രട്ടറി എ. എം. ഫിലിപ്പോസ് ആങ്ങയിൽ, ചാരെ ഭദ്രാസന കോഡിനേറ്റർ രാജു വേങ്ങമൂട്ടിൽ, ഈപ്പൻ തോമസ് ഇലവിനാകിഴക്കേതിൽ, റോയി കിഴക്കേക്കര, അന്നമ്മ ഐപ്പ് കോട്ടപ്പുറത്ത് തുടങ്ങിവർ സന്നിഹിതരായിരുന്നു.

പുസ്തകം



"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. … സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

വൈഎംസിഎ ദേശീയ കൗൺസിലിന്റെയും പി. എൻ. നമ്പൂതിരി ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങര ഇളമൺ മനയിൽ സംഘടിപ്പിച്ച "സമന്വയം സാഹോദര്യ സംഗമം" പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. മറ്റൊരാളുടെ ദുഃഖത്തിൽ അവനോടൊപ്പം നിൽക്കുകയും അവനെ ചേർത്തുപിടിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ സാഹോദര്യമെന്ന് അദ്ദേഹം പറഞ്ഞു. "സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കുക" എന്ന ക്രിസ്തീയ സന്ദേശം ജീവിതത്തിൽ പ്രാവർത്തികമാകുമ്പോഴാണ് യഥാർത്ഥ സാഹോദര്യം പൂർണമാകുന്നത്. അതിർവരമ്പുകൾക്കും വ്യത്യാസങ്ങൾക്കും അതീതമായി മനുഷ്യരെ ചേർത്തുനിർത്തുമ്പോഴാണ് സമന്വയം അർത്ഥപൂർണ്ണമാകുന്നതെന്നും കാതോലിക്കാ ബാവാ പറഞ്ഞു. വൈഎംസിഎ എക്യൂമെനിക്കൽ ആൻഡ് ഇന്റർ റിലീജിയസ് കമ്മിറ്റി ദേശീയ ചെയർമാൻ ലിനോജ് ചാക്കോ അധ്യക്ഷത വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റി ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച സ്നേഹക്കിറ്റ് വിതരണം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും അർഹരായ 200 കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകുന്ന ആർദ്രയുടെ ഇത്തവണത്തെ കിറ്റിൽ ഓണവിഭവങ്ങൾക്കാണ് പ്രധാന്യം. ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ഫാ. കെ. വൈ. വിൽസൺ, ആർദ്ര ആക്ടിംഗ് സെക്രട്ടറി മോനി കല്ലംപറമ്പിൽ, ട്രഷറാർ റോയ് തോമസ് എന്നിവർ സംസാരിച്ചു. ഐ.സി.തമ്പാൻ, ഷാജി വർഗീസ്, സിബി.കെ.വർക്കി, വൽസാ ജോർജ്, സാബു ജേക്കബ് ഫിലിപ്പ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

പരുമല ആശുപത്രിയിലെ ഓണാഘോഷ പരിപാടി (ആരവം 2026) ഓഗസ്റ്റ് 22-ന് രാവിലെ 11.30-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

കോട്ടയം ആർപ്പൂക്കരയിലെ മാർ ഗ്രീഗോറിയോസ് കാരുണ്യ നിലയത്തിലെ ഓണാഘോഷം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, മുൻ മന്ത്രി വി.എൻ വാസവൻ തുടങ്ങിയവർ സംബന്ധിച്ചു.

ഡൽഹി സംസ്ഥാന തായ്കോണ്ടോ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയ ഷോൺ മാത്യു വർഗീസ്. ദ്വാരക സെന്റ് ഗ്രിഗോറിയോസ് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. ഡൽഹി ജനക്പുരി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളായ സാജുവിന്റെയും, സിന്ധുവിന്റെയും മകനാണ്.



Dr. Binoy Mathunni has been awarded the prestigious Global Doctor of Business Administration (PhD) from the Swiss School of Business and Management (SSBM), Geneva, Switzerland, for his dissertation on "Workload Migration to Cloud: A Comprehensive Review and Analysis." He is currently serving as the Data Practice Leader at IBM India. A serial entrepreneur and visionary leader, Dr. Mathunni is the Founder of ScoreUp Sports Pvt. Ltd., xForm Business Solutions Pvt. Ltd., Scholastiq Innovations Pvt. Ltd., and OTD Business Solutions Pvt. Ltd., and Chairman of Little Fernsteps Montessori. With a distinguished career at the intersection of technology, business, and education, he was honoured as the Best CIO of the Year 2017 by Enterprise IT World.

Dr Binoy Mathunni is the Malankara Association member and former secretary of St. Mary's Orthodox Church, Begur, Banglore

കോഴിക്കോട് N.I.T യിൽ നിന്ന് ബി.ടെക്. എൻജിനിയറിംഗ് ഫിസിക്സിൽ ഗോൾഡ് മെഡൽ നേടിയ ശ്ലോമ്മോ ജോൺ ജോഷി. അധ്യാപകരായ ജോഷി ബി. ജോൺ മണപ്പള്ളിയുടെയും ജിൻസി ജോർജിന്റെയും മകനാണ്. മണപ്പള്ളി സെന്റ് മേരീസ് ശാലേം ഇടവകഅംഗമാണ്.